മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 25 | ലക്കം 7 | പേജ് 6 | 2019 ഫെബ്രുവരി 1

2 കുറിലോസ് തിരുമേനിയെ ഓർക്കുമ്പോൾ

3 മലങ്കരസഭയിലെ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ നൽകുന്നത് ക്രിസ്തീയസാക്ഷ്യമോ?

4 ഇന്നും ഈ ആയുഷ്ക്കാലത്തും....

5 പ.കാതോലിക്കാ ബാവായുടെ തൃക്കുന്നത്ത് സെമിനാരി പ്രസംഗത്തോട് അനുകൂലമായ ഒരു നിഷ്പക്ഷ പ്രതികരണം

ശാശ്വത സമാധാനത്തിന് സഭ ഒന്നാകണം : പ.കാതോലിക്കാ ബാവാ

കോട്ടയം : സഭയിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കുന്നതിന് സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ സഭ ഒന്നാകുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. യാക്കോബായ സഭ ഇതു തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കണം.

തൃശൂർ ചാലിശ്ശേരി പള്ളി സംബന്ധിച്ചുണ്ടായ സുപ്രീംകോടതിവിധി ഈ ലക്ഷ്യത്തിലേക്ക് സഭയെ നയിക്കണം. സമാന്തരഭരണ സംവിധാനങ്ങൾ നിലനിർത്താനും നിയമനടപടികൾ ആവുന്നത്ര താമസിപ്പിക്കാനുമായി ഏതു തന്ത്രവും സ്വീകരിക്കുന്ന സമീപനം ജനാധിപത്യത്തിന്റെ അന്തസത്തയെ തന്നെ ചോദ്യം ചെയ്യുന്നതാണ്.

തീർപ്പാക്കപ്പെട്ട വാദമുഖങ്ങൾ വീണ്ടും ഉന്നയിച്ച് പുകമറ സൃഷ്ടിക്കുകയല്ല, കോടതിവിധി പൂർണ്ണമായി പാലിക്കുകയാണ് ആവശ്യം.

കോതമംഗലം പള്ളിക്കേസിൽ യാക്കോബായസഭ സ്വീകരിച്ച നിലപാടുകൾ പിഴശിക്ഷ വിളിച്ചുവരുത്താനിടയാക്കി. തൃശൂർ ഭദ്രാസനത്തിലെ മാന്ദാമംഗലം പള്ളിയിലുണ്ടായ സംഭവങ്ങൾ ദൗർഭാഗ്യകരമാണ്. കോടതിവിധിയുടെ പിൻബലത്തോടെ പള്ളിയിൽ പ്രവേശിക്കാനെത്തിയ യൂഹാനോൻ മാർ മിലിത്തിയോസും വിശ്വാസികളും പുറത്തിരിക്കേണ്ടിവന്നു. മാത്രമല്ല

(ശേഷം പേജ് 3-ൽ)

സഭാസമാധാന സമിതി അംഗങ്ങൾ മന്ത്രിസഭാ ഉപസമിതിയെ സന്ദർശിച്ചു

തിരുവനന്തപുരം : മലങ്കരസഭാതർക്കം പരിഹരിക്കാൻ ഉദ്ദേശിച്ച് നിയമിതമായിരിക്കുന്ന മന്ത്രിസഭാ ഉപസമിതി കൺവീനർ മന്ത്രി ഇ.പി.ജയരാജന്റെ പ്രത്യേക ക്ഷണപ്രകാരം സഭാസമാധാന സമിതി അംഗങ്ങൾ മന്ത്രിയെ സന്ദർശിച്ച് ചർച്ചകൾ നടത്തി. മലങ്കരസഭയിലെ ഇരുവിഭാഗങ്ങളിലും പെട്ട വിശ്വാസികളിൽ ഭൂരിപക്ഷവും സഭാസമാധാനം ആണ് ആഗ്രഹിക്കുന്നതെന്ന് സമാധാന സമിതി അംഗങ്ങൾ മന്ത്രിയെ അറിയിച്ചു. അവർ സമർപ്പിച്ച നിവേദനം മന്ത്രി സ്വീകരിക്കുകയും ഉപസമിതിയിൽ വെയ്ക്കാമെന്ന് അറിയിക്കുകയും ചെയ്തു.

എ.എം.അലക്സാണ്ടർ, ജോൺസൺ, ബിജു ഫിലിപ്പ്, സഖറിയാ കുര്യൻ, മോൻസി വാവച്ചൻ, ഏലിയാസ് കണ്ണന്താനം, ജേക്കബ് തുമ്പയിൽ എന്നിവരടങ്ങുന്ന ഏഴംഗസംഘമാണ് മന്ത്രിയെ സന്ദർശിച്ച് ചർച്ചകൾ നടത്തിയത്. ചർച്ചകൾ തുടരുമെന്നും അറിയിച്ചു.

പിറവംപള്ളിക്കേസ് കേൾക്കുന്നതിൽനിന്ന് നാലാമത്തെ ഡിവിഷൻ ബഞ്ചും പിന്മാറി

കൊച്ചി : സുപ്രീംകോടതിവിധി അനുസരിച്ച് പിറവം പള്ളിയിൽ പ്രവേശിക്കുന്നതിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് സഭ സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിൽനിന്നും ഹൈക്കോടതിയുടെ നാലാമത്തെ ഡിവിഷൻ ബഞ്ചും പിന്മാറി. ജസ്റ്റിസ് കെ.ഹരിലാൽ, ജസ്റ്റിസ് ആനി ജോൺ എന്നിവരുൾപ്പെട്ട ബഞ്ചാണ് പിന്മാറിയത്.

അവരുടെ പിന്മാറ്റത്തിന് കാരണം വ്യക്തമാക്കിയിട്ടില്ലെങ്കിലും ജസ്റ്റിസ് ആനി ജോണിന്റെ വിസമ്മതം മൂലമാണ് കേസ് ഒഴിവാക്കിയത് എന്ന് അറിയുന്നു. ഇനി ഈ കേസ്ഏത് ബഞ്ച് പരിഗണിക്കണമെന്ന് ചീഫ് ജസ്റ്റിസ് തീരുമാനിക്കും.

സുപ്രീംകോടതിവിധിയനുസരിച്ചു പിറവം സെന്റ് മേരീസ് പള്ളിയിൽ ആരാധന നടത്താൻ പോലീസ് സംരക്ഷണം തേടി ഓർത്തഡോക്സ് സഭാ വികാരി നൽകിയ ഹർജിയും പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് യാക്കോബായ സഭാംഗങ്ങൾ നൽകിയ ഹർജിയുമാണ് കോടതിയിൽ നിലവിലുള്ളത്. പിറവംപള്ളിക്കേസിനോടൊപ്പം കോടതിവിധി നടപ്പാക്കപ്പെട്ട വരിക്കോലി, കട്ടച്ചിറ പള്ളികളുമായി ബന്ധപ്പെട്ട മറ്റു കേസുകളും പരിഗണിക്കാനാണിരിക്കുന്നത്. കേസുകൾ ഒന്നിച്ചുചേർത്തിട്ടുള്ളതുകൊണ്ട് ജഡ്ജിമാരുടെ പിന്മാറ്റം എല്ലാ കേസുകളെയും ബാധിക്കും.

ജസ്റ്റിസ് പി.ആർ.രാമചന്ദ്രമേനോൻ, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ എന്നിവരുൾപ്പെട്ട ബഞ്ചിലാണ് ഈ കേസുകളെല്ലാം ആദ്യമെത്തിയത്.

ജഡ്ജിമാരിലൊരാൾ വക്കീലായിരിക്കെ സഭാതർക്കം സംബന്ധിച്ച കേസിൽ ഹാജരായിട്ടുണ്ടെന്നു തടസ്സമുന്നയിച്ചു കട്ടച്ചിറപള്ളിയിൽനിന്നുള്ള ഏതാനും വിശ്വാസികൾ കക്ഷിചേരാനെത്തുകയും അവർ ആരോപണമുന്നയിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ കേസ് കേൾക്കുന്നതിൽനിന്ന് ഈ ജഡ്ജിമാർ പിന്മാറി.

ഹർജി വന്ന് ആറ് മാസമാവുകയും പലതവണ പരിഗണിക്കുകയും ചെയ്തശേഷം തടസ്സം ഉന്നയിച്ചതിലുള്ള അതൃപ്തി അന്ന് കോടതി വ്യക്തമാക്കിയിരുന്നു. 2018 നവംബർ 28ന് കോടതി പ്രഥമദൃഷ്ട്യാ ചില നിരീക്ഷണങ്ങൾക്കു മുതിർന്നശേഷമാണ് അപ്രതീക്ഷിത നീക്കമെന്നും താൽപര്യമുള്ള ബഞ്ച് തിരഞ്ഞെടുക്കാനുള്ള മോശം പ്രവണതയാണിതെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

തുടർന്നു ഹർജികൾ ജസ്റ്റിസ് വി.ചിദംബരേഷ്, ജസ്റ്റിസ് ആർ.നാരായണ പിഷാരടി എന്നിവരുടെ ബഞ്ചിലെത്തി.

(ശേഷം പേജ് 3-ൽ)

"ഇന്നും ഈ ആയുഷ്ക്കാലത്തും....." എന്നുപറഞ്ഞ് ഒന്നാം തുബ്ദേനിൽ ഓർക്കുന്നത് പ.ഇഗ്നാത്തിയോസ് കരീം അപ്രേം രണ്ടാമൻ പാത്രിയർക്കീസിനെ തന്നെ എന്ന് ഫാ.ഡോ.എം.ഒ.ജോൺ

കോട്ടയം : വി.കുർബ്ബാനയിലെ ഒന്നാം തുബ്ദേനിൽ "ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ മേയിച്ചു ഭരിക്കുന്ന ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരുമായി ദൈവത്താൽ നിഷ്കിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കീസന്മാരായ ആബൂൻമാർ ഇഗ്നാത്തിയോസിനുവേണ്ടിയും....." എന്നു പറഞ്ഞ് അനുസ്മരിക്കുന്നത് ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് പഉഗ്നാത്തിയോസ് അപ്രേം രണ്ടാമൻ കരീം പാത്രിയർക്കീസിനെ തന്നെയാണെന്നു വൈദിക ട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. പുതുപ്പള്ളിയിൽ നടന്ന ഒരു ടെലിവിഷൻ സംവാദത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മലങ്കര ഓർത്തഡോക്സ് സഭ ഇപ്പോഴത്തെ പാത്രിയർക്കീസിനെ അംഗീകരിക്കുന്നില്ല, തള്ളിക്കളഞ്ഞു എന്നൊക്കെ ചർച്ചയിൽ പങ്കെടുത്തവർ പറഞ്ഞപ്പോൾ അങ്ങനെയല്ല താൻ കഴിഞ്ഞ ദിവസം അർപ്പിച്ച വി.കുർബ്ബാനയിലും ഒന്നാം തുബ്ദേൻ വായിച്ച സന്ദർഭത്തിൽ പാത്രിയർക്കീസിനെ രഹസ്യപ്രാർത്ഥനയിൽ പേരുപറഞ്ഞുതന്നെ അനുസ്മരിച്ചത് ഇപ്പോഴത്തെ പാത്രിയർക്കീസിനെ തന്നെയെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം ഫാ.ഡോ.എം.ഒ.ജോൺ വ്യക്തമാക്കി. തുബ്ദേനിൽ മാത്രമല്ല അനുസ്മരണ പ്രാർത്ഥനകളും ലുത്തിനിയാകളും നടക്കുന്ന എല്ലാ സന്ദർഭങ്ങളിലും ജീവിച്ചിരിക്കുന്ന എല്ലാ സഭാപിതാക്കന്മാരുടെ പേരുകൾ ഓർക്കുന്ന പ്രാർത്ഥനകളിലും ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായെ ആണ് അനുസ്മരിക്കുന്നത്.

പേര് ഓർക്കപ്പെടുന്ന പിതാക്കന്മാർ – ഒരു വിശദീകരണം

പഉഗ്നാത്തിയോസ് അപ്രേം കരീം രണ്ടാമൻ പാത്രിയർക്കീസ് ബാവായെയാണ് മലങ്കരസഭയുടെ വി.കുർബ്ബാനയിലെ ഒന്നാം തുബ്ദേനിൽ ഓർക്കുന്നതെന്ന് ചാനൽ ചർച്ചയിൽ ഞാൻ പറഞ്ഞപ്പോൾ അത് സാമൂഹ്യമാധ്യമങ്ങളിൽ ഒരു വലിയ ചർച്ചയായി മാറി. ഇപ്പോഴത്തെ പാത്രിയർക്കീസുമായി മലങ്കരസഭയ്ക്ക് ബന്ധമില്ല, അദ്ദേഹത്തെ അല്ല വി.കുർബ്ബാനയിൽ ഓർക്കുന്നത് അദ്ദേഹത്തെ ഓർക്കേണ്ട കാര്യമില്ല, പാത്രിയർക്കാ സ്ഥാനത്തെയാണ് മലങ്കരസഭ ഓർക്കുന്നത്, ശത്രുക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നു പറയുന്നതുപോലെ ഇത് വെറും ഒരു അനുസ്മരണപ്രാർത്ഥന മാത്രമാണ് എന്നൊക്കെ സഭാംഗങ്ങളായ പലരും വിമർശനം ഉന്നയിക്കുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന വിശദീകരണങ്ങൾ നൽകുന്നു.

ഇഗ്നാത്തിയോസ് എന്ന സ്ഥാനനാമത്തോടുകൂടിയ വേറൊരു പാത്രിയർക്കീസ് മലങ്കരസഭയിലോ സഭയുമായുള്ള ബന്ധത്തിലോ ഇല്ല. മലങ്കരസഭയിൽ ഇപ്പോഴത്തെ വി.കുർബ്ബാനക്രമവും തക്സായും ഉപയോഗിക്കാൻ തുടങ്ങിയത് കൂനൻകുരിശ് സത്യത്തിനുശേഷം (1653) മാത്രമാണ്. പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ഇവിടെ വന്ന് പ്രവർത്തിച്ച അന്ത്യോഖ്യൻ സുറിയാനി സഭാപിതാക്കന്മാരാണ് ഇപ്പോഴത്തെ ആരാധനാക്രമങ്ങൾ മലങ്കരയിൽ പ്രചരിപ്പിച്ചത്. അത് ഇവിടെ ഉപയോഗിക്കാൻ തുടങ്ങിയകാലം മുതൽ ഇന്നയോളം സഭാഭരണകർത്താക്കളായ പിതാക്കന്മാരുടെ പേരുകൾ ഓർക്കുമ്പോൾ ഒന്നാമത് ഓർക്കുന്നത് പഅന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പേരാണ്.

ഉദയംപേരൂർ സുന്നഹദോസിനു (1599) തൊട്ടുമുമ്പുള്ള കാലഘട്ടം മുതൽ ഇവിടെ സഭാതലവനായി തുബ്ദേനുകളിലും പ്രാർത്ഥനകളിലും അനുസ്മരിച്ചിരുന്നത് പേർഷ്യൻ തലവനായ ബാബിലോണിലെ പാത്രിയർക്കീസിനെ ആയിരുന്നു. പേർഷ്യൻ സഭാതലവനായിരുന്ന അദ്ദേഹം സെലൂഷ്യാ ആസ്ഥാനമാക്കി സഭയെ ഭരിച്ചിരുന്നയാളാണ്. ബാബിലോൺ പാത്രിയർക്കീസ്, അസീറിയൻ പാത്രിയർക്കീസ്, കിഴക്കിന്റെ കാതോലിക്കാ എന്നൊക്കെ വ്യത്യസ്ത നാമങ്ങളിൽ അദ്ദേഹം അറിപ്പെട്ടിരുന്നു. അദ്ദേഹവും പേർഷ്യൻ സഭയും നെസ്തോറിയൻ വിശ്വാസത്തിലായിരുന്നു. പോർട്ടുഗീസുകാരോടൊപ്പം വന്ന റോമൻ കത്തോലിക്കാ മിഷണറിമാരും ആർച്ചുബിഷപ്പ് മെനേസിസും നെസ്തോറിയൻ വേദവിപരീതികളെ പ്രാർത്ഥനകളിലും കുർബ്ബാനകളിലും അനുസ്മരിക്കുന്നതിന് മലങ്കരസഭാംഗങ്ങളെ പല സന്ദർഭങ്ങളിലും ശാസിച്ചിരുന്നു. വി.സി.ശമുവേലച്ചൻ സഭ വളരുന്നു എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു : "1599 ഫെബ്രുവരി ഒന്നാം തീയതി ആർച്ച് ബിഷപ്പ് മെനേസിസ് കൊച്ചിയിലെത്തി. വൈപ്പിൻകോട്ട സെമിനാരിയിലെ താമസകാലത്ത് സുറിയാനി ക്രിസ്ത്യാനികളുടെ കുർബ്ബാന ശുശ്രൂഷയിൽ അദ്ദേഹം പങ്കുകൊണ്ടു. അതിൽ സഭയുടെ പരമാദ്ധ്യക്ഷനായി എടുത്തുപറഞ്ഞത് ബാബിലോൺ പാത്രിയർക്കീസിനെ ആയിരുന്നു. അത് കേട്ട മെനേസിസ് രോക്ഷാകുലനായി ത്തീർന്ന സംഭവം ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു."

സഭയുടെ തലവനും പ്രധാന മേലദ്ധ്യക്ഷനുമായി തുബ്ദേനുകളിലും പ്രാർത്ഥനകളിലും അനുസ്മരിക്കേണ്ടത് റോമിലെ പാപ്പായുടെ പേരായിരിക്കണം എന്നായിരുന്നു റോമൻ മിഷണറിമാരുടെയും ആർച്ച് ബിഷപ്പ് മെസേസിസിന്റെയും നിർദ്ദേശം. ബാബിലോണിലെ പാത്രിയർക്കീസിന്റെ പേരിനു പകരം റോമിലെ പാപ്പായുടെ പേര് തൽസ്ഥാനത്ത് ഉപയോഗിക്കണമെന്ന് ഉദയംപേരൂർ സുന്നഹദോസ് തീരുമാനമെടുത്തു. അന്നുമുതൽ മിക്കവാറും എല്ലാ പള്ളികളിലും ആരാധനയിൽ സഭാപിതാക്കന്മാരെ അനുസ്മരിക്കുമ്പോൾ സഭാതലവനായി റോമിലെ പാപ്പായുടെ പേര് ഉപയോഗിച്ചുവന്നു.

കൂനൻകുരിശ് സത്യത്തിനുശേഷം റോമാബന്ധം ഉപേക്ഷിച്ചവർ അന്ത്യോഖ്യൻ സഭയുമായി ബന്ധത്തിൽ വരികയും ആ സഭയുടെ

(ശേഷം പേജ് 4-ൽ)

കൂറിലോസ് തിരുമേനിയെ ഓർക്കുമ്പോൾ

റോയ് ചാക്കോ ഇളമണ്ണൂർ

'കൂറിലോസ് തിരുമേനി' എന്ന നാമമാണ് 'മാത്യൂസ് ദ്വിതീയൻ ബാവാ' എന്ന സ്ഥാനത്തേക്കാൾ വിശ്വാസികളുടെ മനസ്സിൽ ആഴ്ന്നിറങ്ങിയിരിക്കുന്നത്. പ്രത്യേകിച്ചും തെക്കൻ മേഖലയിൽ. കാരണം മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഏറെക്കാലം കൊല്ലം മെത്രാസനത്തിന്റെ ഇടയനായിരുന്നു. (റമ്പാനായ കാലം മുതൽ കാതോലിക്കാ ബാവ ആകുന്നതു വരെ) 38 വർഷം കൊല്ലത്തെ നയിച്ച ഈ വന്ദ്യപിതാവ് വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാനമുണ്ടായിരുന്ന അവരുടെ ഏയ്ഞ്ചൽ ബിഷപ്പായിരുന്നു. അന്നത്തെ കൊല്ലം മെത്രാസനം ഇന്നത്തെ തിരുവനന്തപുരം, ചെങ്ങന്നൂർ, മാവേലിക്കര, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട് എന്നീ മെത്രാസനങ്ങളുടെ പ്രദേശങ്ങൾ ചേർന്നതായിരുന്നു. വിസ്തൃതമായ മേഖല. മലങ്കര മെത്രാപ്പോലീത്ത നേരിട്ടു ഭരിച്ചിരുന്ന മലങ്കര സുറിയാനി സഭയിൽ 1876-ൽ 7 മെത്രാസനങ്ങൾ രൂപീകൃതമായി. അതിൽ ഉൾപ്പെട്ട പൗരാണിക മെത്രാസനമാണ് കൊല്ലം.

മാത്യൂസ് മാർ കൂറിലോസ് തിരുമേനി (1915 -2006) കൊല്ലം മെത്രാസന ഇടയൻ ആയിരുന്ന കാലത്തെ ചില വിവരങ്ങൾ നേരിൽ ചോദിച്ചറിയുവാനായി കൊല്ലത്തിന്റെ 9-ാമത്തെ ഇടയനായ അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയെ ഞാൻ സമീപിച്ചു. ശൂരനാട് സെന്റ് തോമസ് പള്ളിയിൽ കഴിഞ്ഞ ഡിസംബറിൽ ഒരുനാൾ തിരുമേനിയെ ഞാൻ നേരിൽ ചെന്നു കണ്ടു. കൊല്ലം മെത്രാസനത്തിന്റെ ഇപ്പോഴത്തെ ചുമതലക്കാരനായ അഭിവന്ദ്യ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത പറയുന്നു:

"1972 മെയ് മാസമാണ് ഞാൻ (മാർ അന്തോണിയോസ് തിരുമേനി) ശെമ്മാശ്ശനായത്. പിറ്റെ വർഷം ഞാൻ കൊല്ലം അരമനയിൽ എത്തി. കൂറിലോസ് തിരുമേനിയുടെ ആത്മീയജീവിതത്തിൽ എടുത്തുപറയേണ്ട ഒരു കാര്യമാണ് യാമപ്രാർത്ഥനകൾ മുടക്കാറില്ല എന്നത്. എല്ലാ ദിവസവും വേദപുസ്തകം വായിച്ചുകേൾക്കണം. പഴയനിയമം, പുതിയനിയമം എന്നിവിടങ്ങളിൽ നിന്ന് ഒരധ്യായം വീതവും സങ്കീർത്തനം ഒരധ്യായവും ഞാൻ എന്നും വായിച്ചു കേൾപ്പിക്കും. അതിലെ പല കാര്യങ്ങളും തിരുമേനി ഞങ്ങൾക്ക് വിശദീകരിച്ചു നൽകും. വലിയനോമ്പിൽ തിരുമേനി ഭക്ഷണം ഒരു നേരം മാത്രമാക്കി ചുരുക്കിയിരുന്നു.

കൂറിലോസ് തിരുമേനിയുടെ ശുശ്രൂഷകൾക്ക് ദൈർഘ്യമേറിയിരുന്നു. അന്നൊക്കെ മിക്കവാറും എല്ലാ പള്ളികളിലും 8 മണിയ്ക്കോ അതിനു ശേഷമോ മാത്രമേ പ്രഭാത നമസ്കാരം ആരംഭിക്കുകയുള്ളൂ. ഗ്രാമങ്ങളിൽ വിശ്വാസികൾ ഞായറാഴ്ച ദിവസം ആരാധനയ്ക്കായി മാത്രം മാറ്റിവച്ചിരുന്നു. ഗ്രാമീണ മേഖലകളിലെ പള്ളികളിൽ വിശുദ്ധ കുർബാന വൈകി പൂർത്തിയാകുന്നതൊന്നും ഒരു വിഷയമല്ലായിരുന്നു. എന്നാൽ പട്ടണങ്ങളിൽ ചടങ്ങുകൾ നീണ്ടുപോയി എന്ന പരാതിയുകൾ അന്നും ഉണ്ടായിരുന്നു. ആദ്യത്തെ 25 വർഷം കൂറിലോസ് തിരുമേനിക്ക് 200 ലേറെ പള്ളികളുടെ ചുമതലയാണ് ഉണ്ടായിരുന്നത്. അന്ന് തെക്കൻ മേഖലയിൽ കൊല്ലം, തുമ്പമൺ, നിരണം എന്നീ മെത്രാസനങ്ങൾ മാത്രം. കന്യാകുമാരി മുതൽ മാവേലിക്കര വരെ നീണ്ടുകിടക്കുന്ന വിസ്തൃതമായ മേഖല. കൊല്ലം പിന്നീട് പുതിയ 5 മെത്രാസനങ്ങളായി വിഭജിക്കപ്പെട്ടു.

"നിയമനങ്ങൾക്കും മറ്റും കൂറിലോസ് തിരുമേനി നല്ല തുക ഈടാക്കിയിരുന്നുവല്ലോ" എന്ന എന്റെ ചോദ്യത്തിന് മറുപടിയായി അന്തോണിയോസ് തിരുമേനി പറഞ്ഞു. "34 സ്കൂളുകൾ ആരംഭിച്ച ഒരു ബിഷപ്പാണ് അദ്ദേഹം. വിദ്യാഭ്യാസ മേഖലയ്ക്ക് അത് വലിയൊരു മുതൽക്കൂട്ടല്ലേ? 2 എഞ്ചിനീയറിംഗ് കോളേജും 2 ആർട്ട്സ് & സയൻസ് കോളേജുകളും ഒക്കെ ഈ മാനേജ്മെന്റിന്റെ കീഴിലുണ്ട്. കൈയിൽ കാശ് വച്ചുകൊണ്ടല്ല തിരുമേനി പലതും ആരംഭിച്ചത്. ആയതിനാൽ പണം ആവശ്യമായി വന്നു. സ്ഥാപനങ്ങൾ ധാരാളമുള്ളിടത്തൊക്കെ പണവുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടാകുക സ്വാഭാവികമാണല്ലോ. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ വലിയ സംഭാവന നൽകിയ ഒരു ബിഷപ്പായിരുന്നു കൂറിലോസ് തിരുമേനി എന്ന കാര്യം അഭിമാനത്തോടുകൂടി മാത്രമേ സഭയ്ക്ക് സ്മരിക്കുവാൻ സാധിക്കുകയുള്ളൂ."

എല്ലാ രാഷ്ട്രീയ പാർട്ടികളോടും തിരുമേനിയ്ക്ക് നല്ല ചങ്ങാത്തമുണ്ടായിരുന്നു. അതുകൊണ്ടു മാത്രമാണ് ഈ രീതിയിൽ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സാധിച്ചതും. ഏതു പാർട്ടി അധികാരത്തിൽ വന്നാലും തിരുമേനിക്ക് അവരിൽ സ്വാധീനമുണ്ടായിരുന്നു. സഭയ്ക്കുള്ളിൽ, ഔദ്യോഗിക കാര്യങ്ങളിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി പറയുമായിരുന്നു, "പോയി കൂറിലോസ് മെത്രാച്ചനെ കാണൂ" എന്ന്.

കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ള നിരവധി സ്ഥാപനങ്ങളുടെ ആരംഭകനായ കൂറിലോസ് തിരുമേനി തന്റെ ജീവിതത്തിൽ ദാരിദ്ര്യത്തിലൂടെ കടന്നു പോയിട്ടുണ്ടെന്നുള്ള കാര്യവും പുതിയ തലമുറ അറിയണമെന്ന് അന്തോണിയോസ് തിരുമേനി അഭിപ്രായപ്പെട്ടു. 1920-കളെ 'ഗോൾഡൻ ട്വന്റീസ്' എന്നാണല്ലോ അറിയപ്പെടുന്നത്. സാമ്പത്തിക മേഖലയിൽ ഉന്നതിയുടെ കാലഘട്ടമായിരുന്നു അത്. എന്നാൽ 1930-കൾ സാമ്പത്തിക മാന്ദ്യത്തിന്റെ കാലഘട്ടമായിരുന്നു. അതുകഴിഞ്ഞ് രണ്ടാം ലോകമഹായുദ്ധം ഉണ്ടായി. അപ്പോൾ അതിന്റെ പരിണത ഫലമായി ദാരിദ്ര്യം നാടിനെ വിഴുങ്ങി. സ്വാഭാവികമായും ദയറാകളിലും പട്ടിണി കടന്നുവന്നു. ഓതറ ദയറായിലെ മാത്യൂസച്ചന് മുറ്റത്തെ പ്ലാവിലെ ചക്കയെ മാത്രം ആശ്രയിച്ചു ജീവിക്കേണ്ട അവസ്ഥയുണ്ടായി. ഏറെ നാൾ അരപട്ടിണി കിടക്കേണ്ടിയ അവസ്ഥയുണ്ടായി. അത്യാവശ്യത്തിന് ചക്കയുടെ മൂളല്ലു മാത്രം കളഞ്ഞ് ചക്കയുടെ ബാക്കി എല്ലാ ഭാഗവും ഉപയോഗിക്കുമായിരുന്നു. ചക്കിണിയും മടലും കുരുവുമെല്ലാം വിലയേറിയ വിശിഷ്ട ആഹാരമായിരുന്നു. പോഷകാഹാരത്തിന്റെ കുറവ് കാരണം കൈകാൽ മുട്ടുകൾക്ക് നീരുണ്ടായി എന്നും കൂറിലോസ് തിരുമേനി എന്നോട് (അന്തോണിയോസ് തിരുമേനിയോട്) പറഞ്ഞിട്ടുണ്ട്. ദാരിദ്ര്യകാലത്ത് മന്നാറിനു സമീപം മേൽപാടം എന്ന ഗ്രാമീണ മേഖലയിൽ പോയി ഓതറ ദയറായ്ക്കുവേണ്ടി മാത്യൂസച്ചൻ നെല്ല് സംഭരിച്ചിട്ടുണ്ട്. എന്നാൽ ബിഷപ്പായതിനു ശേഷം ദാരിദ്ര്യത്തിന്റെ നാളുകളിൽ കൂടി കടന്നുപോയിട്ടില്ല എന്നും തിരുമേനി എന്നോട് (അന്തോണിയോസ് തിരുമേനിയോട്) പറഞ്ഞിട്ടുണ്ട്.

ഓതറ ദയറായിൽ കഷ്ടപ്പാടുകളും പട്ടിണിയും നിറഞ്ഞ ജീവിതമായിരുന്നു മാത്യൂസച്ചന്. പ്രൊഫ. വി.ഐ.നൈനാൻ ഒരു ലേഖനത്തിൽ എഴുതിയിരിക്കുന്നു "ഓതറ ദയറ നിർമ്മിക്കാനായി കല്ലും മണ്ണും ചുമന്ന് കൈപൊട്ടി ചോരയൊലിക്കുന്ന സംഭവം അന്ന് മാത്യൂസച്ചനോടൊപ്പം ഉണ്ടായിരുന്നവർ പറഞ്ഞിട്ടുണ്ട്". നല്ല ആഹാരമില്ലാതെ വെയിലത്ത് പണി ചെയ്ത് പട്ടിണിയും രോഗവും അവശനാക്കിയ മാത്യൂസച്ചന്റെ വിളറിയ മുഖത്തുനോക്കി പുത്തൻകാവിൽ കൊച്ചു തിരുമേനി ഒരു ദിവസം കരഞ്ഞുപോയതായും പ്രൊഫ. വി.ഐ.നൈനാൻ ലേഖനത്തിൽ അനുസ്മരിക്കുന്നു.

കെ.വി.മാമ്മൻ രചിച്ച ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: "സഹനത്തിന്റെ ഗാഥയാണ് ഓതറ ദയറായിലെ പത്താണ്ട് നീണ്ട ജീവിതം. അന്ന് ഞാൻ ഒത്തിരി കഷ്ടപ്പെട്ടിട്ടുണ്ട്. കരഞ്ഞിട്ടുണ്ട്. ഒരുപാട് അധ്വാനിച്ചിട്ടുണ്ട്. നന്നായി കിളയ്ക്കുമായിരുന്നു. കൂറിലോസ് മെത്രാപ്പോലീത്ത ഓർക്കുന്നു. പട്ടിണി കിടന്ന ദിനങ്ങളും കുറവല്ല".

രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ കാലഘട്ടത്തിൽ പലരും തീപ്പെട്ടിക്കോലുകൾ രണ്ടായി കീറി ഉപയോഗിക്കുമായിരുന്നു എന്ന് അന്തോണിയോസ് തിരുമേനി കൂട്ടിച്ചേർത്തു. ഒരു തീപ്പെട്ടിയിൽ 70 കോലാണ് അന്നുണ്ടായിരുന്നത്. അത് 140 ആക്കി ഉപയോഗിക്കും. വീട്ടിലെ അടുപ്പുകളിൽ രാത്രി ഉമി കെടുത്താതെ സൂക്ഷിക്കും; പിറ്റേന്നു രാവിലെ തീ കത്തിക്കാനായി. അതായിരുന്നു അന്നത്തെ അവസ്ഥ എന്ന് അന്തോണിയോസ് തിരുമേനി പറഞ്ഞു.

കൊല്ലം മെത്രാസനത്തിന്റെ ചുമതല നിർവഹിച്ച തിരുമേനിമാരുടെ ക്രമമനുസരിച്ചുനോക്കിയാൽ 7-ാമത്തെ ഇടയനാണ് കൂറിലോസ് തിരുമേനി. ദീവന്നാസ്യോസ് അഞ്ചാമനാണ് (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്) ആദ്യമെത്രാപ്പോലീത്ത. 28-ാം വയസ്സിൽ ബിഷപ്പായ പരിശുദ്ധ പരുമലതിരുമേനിയാണ് രണ്ടാമത്തെ ഇടയൻ. 1877 മെയ്മാസം നിരണത്തിന്റെ മെത്രാപ്പോലീത്തയായി നിയോഗിതനായ പരുമല തിരുമേനിക്ക് പിന്നീട് തുമ്പമൺ, കൊല്ലം മെത്രാസനങ്ങളുടെ ചുമതല കൂടി നൽകുകയാണുണ്ടായത്.

1902 നവംബർ 2-ാം തീയതി പരുമലതിരുമേനി കാലം ചെയ്തപ്പോൾ ദീവന്നാസ്യോസ് 5-ാമൻ വീണ്ടും കൊല്ലത്തിന്റെ ചുമതല ഏറ്റെടുത്തു (അതായത് 3-ാമത്തെ ഇടയൻ). 1909-ൽ ദീവന്നാസ്യോസ് അഞ്ചാമൻ കാലം ചെയ്തപ്പോൾ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിൽ തിരുമേനി കൊല്ലം മെത്രാസന ഇടയനായി (അതായത് നാലാമത്തെ ചുമതലക്കാരൻ).

പിന്നീട് കല്ലാശ്ശേരിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് 1912-ൽ കൊല്ലം മെത്രാസനത്തിന്റെ ചുമതലക്കാരനായി (അഞ്ചാമത്തെ ഇടയൻ). തിരുമേനി സ്ഥാപിച്ച കുണ്ടറ സെമിനാരിയിലായിരുന്നു താമസം. 1929-ൽ തിരുമേനി കാതോലിക്കാ ബാവാ ആയപ്പോഴും (3-ാം കാതോലിക്ക ഗീവർഗീസ് ദീതീയൻ) 1934-ൽ മലങ്കര മെത്രാപ്പോലീത്ത ആയപ്പോഴും ആ ചുമതല തുടർന്നു. 1938 വരെയുള്ള ദീർഘകാലഘട്ടം കൊല്ലം മെത്രാസനത്തിന്റെ ഇടയനായി തുടർന്നു.

പിന്നീട് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി 1938-ൽ കൊല്ലത്തിന്റെ ചുമതലക്കാരനായി. അലക്സിയോസ് തിരുമേനിയുടെ കാലശേഷം (1966) മെത്രാസനത്തിന്റെ ഏഴാമത്തെ ഇടയനായി കൂറിലോസ് തിരുമേനി നിയോഗിതനായി. (എട്ടാമത്തെ ഇടയനായി മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത 1991-ൽ ചുമതലയേറ്റു. തിരുമേനി 1985 മുതൽ കൊല്ലത്തിന്റെ സഹായ മെത്രാപ്പോലീത്തയായിരുന്നു. 2009 ഏപ്രിൽ മുതൽ അന്തോണിയോസ് തിരുമേനിയാണ്

(ശേഷം പേജ് 4-ൽ)

ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി

റവ.അബ്രഹാം മാത്യൂ എടയക്കാട്ട് കോർഎപ്പിസ്കോപ്പാ

Mob : 9446733201

മലങ്കരസഭയിലെ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ നൽകുന്നത് ക്രിസ്തീയസാക്ഷ്യമോ?

ഫാ.ബോബി പീറ്റർ

1934-ലെ ഭരണഘടന അനുസരിക്കുന്നപക്ഷം യാക്കോബായ വിഭാഗത്തിലെ മെത്രാപ്പോലീത്താമാർക്കും അച്ചന്മാർക്ക് അവരവരുടെ സ്ഥാനം നഷ്ടമാവുകയില്ല എന്ന ഒരു പ്രസ്താവന പ.ബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും ഇറക്കുകയും, പ.പാത്രിയർക്കീസ് ബാവായ്ക്ക് 1934-ലെ ഭരണഘടന നൽകുന്ന എല്ലാ സ്ഥാനമാനങ്ങളും നൽകുമെന്ന് വ്യക്തമാക്കുകയും ചെയ്താൽ പ്രശ്നങ്ങൾ ഭൂരിഭാഗവും അവസാനിക്കും.

പ്രിയമുള്ളവരെ, മലങ്കരസഭാതർക്കത്തിന് അന്തിമവിധി വന്നിട്ട് രണ്ടുവർഷം ആകാൻ പോകുന്നു. 2017 ജൂലൈ 3ന് സുപ്രീംകോടതി വിധി വന്നപ്പോൾ സമൂഹത്തിനു മുമ്പിൽ ഉണ്ടായ ക്രിസ്തീയ എതിർസാക്ഷ്യം തൂത്തുകളഞ്ഞ് ഇരുകക്ഷികളും ഒന്നായിതീരും എന്നാണ് പലരും കരുതിയിരുന്നത്. എന്നാൽ അതിനു വിപരീതമായി സമൂഹത്തിനുമുന്നിൽ ഇരുകക്ഷികളും തമ്മിലുള്ള വിടവുകൾ കൂടിയതേയുള്ളു. സുപ്രീംകോടതിവിധി അനുകൂലമായുള്ള ഓർത്തഡോക്സ് സഭയിലേക്ക് മറ്റുള്ളവരെല്ലാം കടന്നുവരേണ്ടിവരും എന്നുള്ള പിതാക്കന്മാരുടെ പ്രസ്താവനകളെല്ലാം അപ്പാടെ തള്ളിക്കളയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. കോടതിവിധിക്കു ശേഷം ഒന്നരവർഷം ആയെങ്കിലും വിരലിലെണ്ണാവുന്നവർപോലും ഓർത്തഡോക്സ് സഭയിലേക്ക് വന്നില്ല എന്ന സത്യം നാം മനസ്സിലാക്കണം. പൊതുസമൂഹം ഇന്നും വിലയിരുത്തുന്നത് ഇരുകക്ഷികളും വിട്ടുവീഴ്ചകൾ ചെയ്യുന്നില്ല, രണ്ടുകൂട്ടരും വഴക്കാളികൾ ആണ് എന്നൊക്കെയാണ്. അനുകൂലമായ സുപ്രീംകോടതിവിധി നടപ്പിലാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന ന്യായീകരണമാണ് ഓർത്തഡോക്സ് സഭ ഉന്നയിക്കുന്നത് എങ്കിലും സർക്കാരും സമൂഹവും ഇരുകൂട്ടരും ക്രിസ്തീയസാക്ഷ്യം നഷ്ടപ്പെട്ടവരാണ് എന്ന് പറയാൻ കാരണമെന്താണ്?

നമ്മുടെ പിതാക്കന്മാരുടെ പ്രസ്താവനകളിലെ ആശയക്കുഴപ്പം തന്നെയാണ് അതിന് ഒരു കാരണം. 1934-ലെ ഭരണഘടന അംഗീകരിക്കുന്നപക്ഷം ഇപ്പോഴത്തെ യാക്കോബായ വിഭാഗത്തിലെ ഒരു അയ്മേനിക്കും തങ്ങളുടെ പള്ളികളിലുള്ള അവകാശം നഷ്ടമാവുകയില്ല എന്ന് തറപ്പിച്ച് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും മറുവിഭാഗത്തിലെ അച്ചന്മാരുടെയും മെത്രാപ്പോലീത്തന്മാരുടെയും കാര്യത്തിൽ അവ്യക്തത നിലനിർത്തുകയാണ്. ഈ പുകമറ സൃഷ്ടിക്കലാണ് സഭ ഐക്യത്തിന് വിഘാതം സൃഷ്ടിക്കുന്നതും. വിധി വന്ന ഉടനെയോ അതിനുശേഷം ഇപ്പോഴെങ്കിലുമോ ഇനിയെങ്കിലുമോ ഒരു പ്രസ്താവന ഇറക്കിയാൽ ഈ പ്രശ്നങ്ങളിലെ 90 ശതമാനവും തീർക്കാവുന്നതാണ്. 1934-ലെ ഭരണഘടന അംഗീകരിക്കുന്ന പക്ഷം മറുവിഭാഗത്തിലെ പുരോഹിതസ്ഥാനികൾക്ക് അവർ ആയിരിക്കുന്ന സ്ഥാനം നഷ്ടമാവുകയില്ല എന്ന പ്രസ്താവന. അതിന് നിയമപരമായ എല്ലാ കണ്ടീഷൻസും നിഷ്ക്കർഷിക്കാം. ഉദാ: 34-ലെ ഭരണഘടന അനുസരിച്ച് അസോസിയേഷന്റെ അംഗീകാരം തുടങ്ങിയവ.

നേരെ വിപരീതമായ വിധിയാണ് വന്നിരുന്നതെങ്കിൽ, നമ്മുടെ പിതാക്കന്മാരെ ഉപേക്ഷിച്ചുകൊണ്ട് കോടതിവിധി അംഗീകരിക്കാൻ നാം തയ്യാറാകുമായിരുന്നോ എന്നും ചിന്തിക്കുക. അങ്ങനെ ചെയ്യുന്നെങ്കിൽ അത് തീർച്ചയായും തെറ്റാണ്. യാക്കോബായ വിശ്വാസികളും തങ്ങളുടെ പിതാക്കന്മാരെ സ്വീകരിക്കാത്ത സമൂഹത്തിലേക്ക് വരില്ല എന്നു പറയുന്നതിൽ എന്താണ് തെറ്റ്.

തങ്ങളുടെ ഗുണ്ടായിസംകൊണ്ട് സുപ്രീംകോടതിവിധിയെ മറികടക്കാൻ ആകില്ല എന്ന് യാക്കോബായ നേതൃത്വത്തിന് വ്യക്തമായി അറിയാം. വിധിയുള്ള എല്ലാ പള്ളികളും വിട്ടുകൊടുക്കണമെന്നതിലും അവർക്ക് സംശയം ഉണ്ടാവുകയില്ല. തന്ത്രപരമായ വലിയൊരു കരുനീക്കമാണ് അവർ ഇപ്പോൾ ചെയ്യുന്നത്. വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും വ്യത്യാസമില്ലാത്ത ഇരുസഭകളിലെയും അയ്മേനികൾ പള്ളി ഏത് വിഭാഗത്തിന് ലഭിക്കുന്നോ അതിലേക്ക് ഈഴുകിചേരും.

ഉദാഹരണത്തിന് മലബാറിലും മറ്റും തർക്കങ്ങൾ നിലനിൽക്കുന്ന പള്ളികളിൽ ചർച്ചയിലൂടെ ഒരുവിഭാഗത്തിന് പള്ളി ലഭിക്കുകയും മറുവിഭാഗത്തിന് മറ്റൊരു പള്ളി പള്ളി ഉണ്ടാക്കാൻ ഭൂമി കൈവശമായി നൽകുകയും ചെയ്തപ്പോൾ ആ പഴയ പള്ളി ആർക്ക് ലഭിച്ചുവോ ആ വിഭാഗത്തിലേക്കാണ് ഭൂരിഭാഗമാളുകളും ചേക്കേറിയത്. (ഉറച്ച നിലപാടുകൾ ഉള്ള ന്യൂനപക്ഷത്തെ മറന്നുപോകുന്നില്ല). ഈ സത്യം അറിയാവുന്നതുകൊണ്ടാണ് യാക്കോബായ നേതൃത്വം പള്ളിവിട്ടുകൊടുക്കില്ല എന്നു പറഞ്ഞ് അക്രമം അഴിച്ചുവിടുന്നത്. അവർക്കറിയാം സുപ്രീംകോടതിവിധിയനുസരിച്ച് ആ പള്ളിയും വിട്ടുകൊടുക്കേണ്ടി വരുമെന്ന്. എന്നാൽ ആ സമയംകൊണ്ട് തങ്ങളുടെ ആളുകളെ സഭാനേതൃത്വത്തോട് കൂടുതൽ അടുപ്പിക്കാനും ഔദ്യോഗിക വിഭാഗത്തോട് (സുപ്രീംകോടതിവിധി അനുകൂലമായ വിഭാഗത്തിനോട്) കൂടുതൽ വെറുപ്പുണ്ടാക്കാനും സാധിക്കും. അതായത് ശക്തമായ നിലപാടുകൾ ഉള്ള കൂട്ടത്തിലേക്ക് ഭൂരിപക്ഷം ആളുകളെയും മാറ്റുക. അങ്ങനെവന്നാൽ പള്ളി നഷ്ടമായാലും അയ്മേനികൾ കൂടെ നിൽക്കുകയും ഒരു പുതിയ പള്ളി ആ വാശിയിൽ തന്നെ ഉണ്ടാക്കാൻ നിഷ്പ്രയാസം സാധിക്കുകയും ചെയ്യും. ഇതൊരു സൈക്കോളജി ആണ്. എന്നാൽ ഈ മനശാസ്ത്രം നമ്മുടെ പിതാക്കന്മാർ മനസ്സിലാക്കുന്നില്ല.

1934-ലെ ഭരണഘടന അനുസരിക്കുന്ന പക്ഷം യാക്കോബായ വിഭാഗത്തിലെ മെത്രാപ്പോലീത്താമാർക്കും അച്ചന്മാർക്ക് അവരവരുടെ സ്ഥാനം നഷ്ടമാവുകയില്ല എന്ന ഒരു പ്രസ്താവന പ.ബാവാ തിരുമേനിയും അഭിവന്ദ്യ പിതാക്കന്മാരും ഇറക്കുകയും, പ.പാത്രിയർക്കീസ് ബാവായ്ക്ക് 1934-ലെ ഭരണഘടന നൽകുന്ന എല്ലാ സ്ഥാനമാനങ്ങളും നൽകുമെന്ന് വ്യക്തമാക്കുകയും ചെയ്താൽ പ്രശ്നങ്ങൾ ഭൂരിഭാഗവും അവസാനിക്കും. ഇങ്ങനെ ഒരു പ്രസ്താവന ഓർത്തഡോക്സ് സഭാനേതൃത്വം ഇറക്കുന്ന പക്ഷം വിഘടിതവിഭാഗത്തിലെ നേതൃത്വത്തിന് പിന്നെ ആളുകളെ പിടിച്ചുനിർത്താൻ സാധിക്കില്ല. നാം വാശിപിടിച്ചാൽ 1064 പള്ളികളും നമ്മുക്ക് കിട്ടുമായിരിക്കും. പക്ഷെ അവിടുത്തെ ഒരാളെപ്പോലും നമ്മുക്ക് കിട്ടില്ല. സഭ രണ്ടായി പിളരുകയും ചെയ്യും. എന്നാൽ അല്പം വിട്ടുവീഴ്ചയ്ക്ക് തയ്യാറായാൽ അവരുടെ അയ്മേനികളിലെ ഭൂരിപക്ഷത്തെയും നമ്മുക്ക് ലഭിക്കും. അതുവഴി സഭൈക്യം സാധ്യമാവുകയും ചെയ്യും.

വൈദികരും മെത്രാപ്പോലീത്തന്മാരും ആയവർ ആ സ്ഥാനം ഉപേക്ഷിച്ച് വീട്ടിൽപോയി ഇരിക്കണമെന്നോ അവർ പള്ളിയില്ലാത്തവരായി ഇരിക്കണമെന്നോ പറഞ്ഞാൽ അത് അതേപടി അനുസരിക്കുവാൻ ആ വൈദികരും മെത്രാപ്പോലീത്തന്മാരും തയ്യാറാവുകയില്ല. സർക്കാരും ഇതരസഭാവിഭാഗങ്ങളും പൊതുസമൂഹവും മാധ്യമങ്ങളും അവർക്ക് പിന്തുണ നൽകുന്ന കാഴ്ചയാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്. ഒരു ചർച്ചയിലൂടെയല്ലാതെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുവാൻ സാധ്യമല്ലായെന്ന് ഇത്രയും നാളത്തെ അനുഭവങ്ങളിൽനിന്ന് വ്യക്തമായല്ലോ.

സംസ്ക്കാരം ഒഴിവാക്കുമ്പോൾ പരേതന്റെ വഴി മാറുന്നു

ഫാ.തോമസ് പി.മുകളിൽ

അടുത്തയിടെ ശവസംസ്ക്കാര ശുശ്രൂഷകളിൽ പ്രാർത്ഥനയ്ക്കിടയിൽ വായിച്ചു കേൾക്കുന്ന ഒരു അഭംഗി വാചകം സൂചിപ്പിക്കുന്നു.

ഈ ദാസന്റെ മരണാനന്തര ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും.....

ശവസംസ്ക്കാര ശുശ്രൂഷ എന്ന് ഉപയോഗിക്കുന്നതിനുള്ള മടികൊണ്ട് ചില വൈദികരും സ്ഥാനികളും ഒക്കെ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്.

മരണത്തിനു ശേഷം നടത്തുന്ന എല്ലാ ശുശ്രൂഷകളും നാൽപതാം ആണ്ടും ശ്രാദ്ധവും ജീവകാരുണ്യ പ്രവർത്തനങ്ങളും എല്ലാം മരണാനന്തര ശുശ്രൂഷയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ ശവസംസ്ക്കാര ശുശ്രൂഷയിൽ സംസ്ക്കാരകർമ്മങ്ങൾ മാത്രമേയുള്ളു.

ചിലരൊക്കെ പരിഷ്ക്കാരം കൂടി ജീവിതാനന്തര ശുശ്രൂഷ എന്നും പറയുന്നുണ്ട്. ശുശ്രൂഷിച്ചുകൊള്ളു പക്ഷെ സംസ്ക്കരിക്കണം പ്ലീസ്.

ശവസംസ്ക്കാരം എന്നത് എത്ര അർത്ഥസമ്പുഷ്ടമായ പദം ആണെന്നോ? സംസ്ക്കരിക്കുക എന്നത് തന്നെ പ്രിസേർവ് എന്ന പദമാണ്. വരുംകാലത്തേക്കുള്ള പ്രത്യാശാനിർഭരമായ ഒരു സൂക്ഷിച്ചുവെയ്ക്കൽ ആണത്. ഇനി ശവം എന്ന പദത്തിനാണ് അയിത്തം എങ്കിൽ ചൈതന്യം ആണ് ശിവം. ശിവം നഷ്ടപ്പെടുന്നതാണ് ശവം. മരിച്ചവരെപ്പോലും തെരഞ്ഞുപിടിച്ച് ആക്രമിക്കുന്ന ശവംതീനികളുടെ കാലത്ത് ആ വാക്ക് അഭാസപട്ടികയിൽ ഉൾപ്പെട്ടുപോയി എന്നു കരുതി ആ വാക്കിന്റെ അന്തസത്ത നഷ്ടപ്പെട്ടുപോകുന്നതും ഇല്ല.

ചിലരൊക്കെ വളരെ കഷ്ടപ്പെട്ട് ഭൗതികദേഹ സംസ്ക്കാര ശുശ്രൂഷ എന്നൊക്കെ ഈണം മീട്ടി പറയുന്നത് കേട്ടിട്ടുണ്ട്. പരിഷ്ക്കാരംമൂത്ത് ചിരട്ടക്കരിക്ക് പകരം ദഹിത നാളികേര പുറംചട്ട എന്നു പറയുന്നതുപോലെ ഇരിക്കും.

ശവസംസ്ക്കാരം എന്നു പറയുമ്പോൾ ആ കിടക്കുന്ന പരേതന് യാതൊരു വിഷമവും അനുഭവപ്പെടുന്നില്ല. മറിച്ച് പറയാതിരിക്കുമ്പോൾ മറ്റ് ചിലത് നഷ്ടപ്പെടുകയും ചെയ്യുന്നു.

ശുശ്രൂഷ തെറ്റിക്കാതെ നമുക്ക് പരേതനെ സംസ്ക്കരിച്ചുകൂടെ?

പിറവംപള്ളിക്കേസ്.....പേജ് 1-ൽനിന്ന്

ജസ്റ്റിസ് ചിദംബരേഷ് വക്കീലായിരിക്കെ പള്ളിക്കേസിൽ ഹാജരായിട്ടുണ്ടെന്നു കക്ഷികൾ വ്യക്തമാക്കിയതോടെ കഴിഞ്ഞ ഡിസംബർ 21ന് ഈ ബഞ്ചും പിന്മാറി.

തുടർന്ന് 2019 ജനുവരി 25ന് കേസ് പരിഗണിച്ച ജസ്റ്റിസ് സി.കെ.അബ്ദുൾ റഹീം, ജസ്റ്റിസ് ടി.വി.അനിൽകുമാർ എന്നിവരുൾപ്പെട്ട ബഞ്ച് കാരണം വ്യക്തമാക്കാതെ കേസിൽനിന്നു പിന്മാറി. അതിനുശേഷമാണ് ജസ്റ്റിസ് കെ.ഹരിലാൽ, ജസ്റ്റിസ് ആനി ജോൺ എന്നിവരുൾപ്പെട്ട ബഞ്ച് നിയമിക്കപ്പെട്ടത്. ഇപ്പോൾ അവരും പിന്മാറിയിരിക്കുന്നു. അനന്തമായി നീളുന്ന സഭാകേസുകളിൽ ഇടപെടുവാൻ ന്യായാധിപന്മാർക്ക് താൽപര്യമില്ല, സഭാകേസുകൾ എടുക്കുന്നതിൽ വക്കീലന്മാർക്കും ഒട്ടും താൽപര്യമില്ല എന്ന കാര്യം വളരെ വ്യാപകമായി പറഞ്ഞുകേൾക്കുന്നുണ്ട്. സമുദായക്കേസിൽ എന്ത് വിധി ഉണ്ടായാലും തർക്കങ്ങൾ ഉന്നയിച്ച് ഏതെങ്കിലും ഒരു വിഭാഗം അതിനെ എതിർത്തുനിൽക്കുന്ന പ്രവണതയാണ് ഉള്ളതെന്ന് പലപ്പോഴും വിധിന്യായങ്ങൾ പുറപ്പെടുവിക്കുന്ന ജഡ്ജിമാർ നിരീക്ഷണങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ മലങ്കരസഭയ്ക്ക് അനുകൂലമായ സുപ്രീംകോടതി വിധിയുണ്ടായിട്ടുണ്ടെങ്കിലും വിവിധ പള്ളികളിൽ അത് നടപ്പാക്കികിട്ടുവാൻ അനന്തമായ കാലതാമസവും ഇരുകൂട്ടർക്കും ഭീമമായ പണച്ചിലവും ഉണ്ടാകുമെന്നാണ് നിയമവൃത്തങ്ങളിൽനിന്ന് അറിയുന്നത്.

ശാശ്വത സമാധാനത്തിന്.....പേജ് 1-ൽനിന്ന്

ആക്രമിക്കപ്പെടുകയും ചെയ്തു.

പോലീസ് സംവിധാനം നിഷ്ക്രിയമായി നിലകൊണ്ടതു മൂലമാണ് പ്രശ്നങ്ങൾ അതീവ രൂക്ഷമായത്. ഇതിൽ സഭയുടെ ശക്തമായ പ്രതിഷേധമറിയിക്കുന്നതായും കാതോലിക്കാ ബാവാ പറഞ്ഞു. (മലയാള മനോരമ, 2019 ജനുവരി 26)

വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

ജോൺ ചെന്നൈ

"ഇന്നും ഈ ആയുഷ്ക്കാലത്തും....." എന്നുപറഞ്ഞ് ഒന്നാം തുബ്ദേനിൽ ഓർക്കുന്നത് ....പേജ് 1-ൽനിന്ന്

പാശ്ചാത്യസുറിയാനിഭാഷയിലുള്ള ആരാധനാക്രമങ്ങളും, വിശ്വാസവും, ആചാരാനുഷ്ഠാനങ്ങളും, നോമ്പുകളും മറ്റെല്ലാ രീതികളും സ്വീകരിക്കുകയും ചെയ്തു. അക്കാലഘട്ടത്തിൽ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി പ.അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേര് അനുസ്മരിക്കാൻ തുടങ്ങി. വിവിധ കോടതി വ്യവഹാരങ്ങളും കക്ഷിവഴക്കും ഒക്കെയുണ്ടായിട്ടും മലങ്കരസഭയിലെ ഇരുവിഭാഗങ്ങളും സഭാമേലദ്ധ്യക്ഷന്മാരുടെ പട്ടികയിൽ ഒന്നാം പേരുകാരനായി പ.ഇഗ്നാത്തിയോസ് പാത്രിയർക്കീസിനെ ഓർക്കുന്നു.

ഇപ്പോൾ നമ്മൾ സത്യവിശ്വാസമെന്നു അഭിമാനപൂർവ്വം പറയുന്ന വിശ്വാസം മലങ്കര ഓർത്തഡോക്സ് സഭ സ്വീകരിച്ചിട്ടും, അതിനു മലങ്കരസഭയിൽ ആകമാനം പ്രചാരം സിദ്ധിച്ചിട്ടും മൂന്നു നൂറ്റാണ്ടുകൾ മാത്രമെ ആയിട്ടുള്ളു. അതംഗീകരിച്ചുകൊണ്ടുള്ള ഔദ്യോഗിക തീരുമാനമുണ്ടാകുന്നത് പപത്രോസ് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിൽ (1876) മാത്രമാണ്. ആ സുന്നഹദോസിൽവെച്ച് മലങ്കരസഭ യാക്കോബായ എന്ന പേരും അംഗീകരിച്ചു.

ആദ്യകാലങ്ങളിൽ സുറിയാനി ഭാഷയിലായിരുന്നു തുബ്ദേനുകൾ. പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തും പ.പരുമല തിരുമേനിയുടെ കാലത്തും രണ്ട് തുബ്ദേനുകളാണുണ്ടായിരുന്നത്. ജീവനോടിരിക്കുന്നവർക്കുവേണ്ടി ഒന്നും വാങ്ങിപ്പോയവർക്കുവേണ്ടി ഒന്നും. അപ്പോഴും ഒന്നാം തുബ്ദേനിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ അനുസ്മരിച്ചു പ്രാർത്ഥിച്ചു. പ.വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് ആറ് തുബ്ദേനുകൾ ഉപയോഗിക്കുന്ന പതിവ് ആരംഭിച്ചു. അപ്പോൾ ഒന്നാം തുബ്ദേൻ ജീവനോടെയിരിക്കുന്ന സഭാപിതാക്കന്മാർക്കുവേണ്ടിയായി. പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ കാലത്ത് 1860-ലും മറ്റും പാത്രിയർക്കീസന്മാരെ അനുസ്മരിച്ചുകൊണ്ട് ആബൂൻ മാർ ഇഗ്നാത്തിയോസ് എന്ന് ചേർത്ത് ഉപയോഗിച്ചിട്ടുണ്ട്. പാത്രിയർക്കീസന്മാരായ ആബൂൻ മാർ ഇഗ്നാത്തിയോസ്, ആബൂൻ മാർ ബസേലിയോസ് എന്നാണ് അന്നും ഇന്നും ഉപയോഗിച്ചിട്ടുള്ളതും ഉപയോഗിക്കുന്നതും. ആബൂൻ മാർ എന്നതിനുപകരം ഇപ്പോൾ ചിലയാളുകൾ ആവേശം മൂത്തും, വികാരഭരിതരായും പാത്രിയർക്കീസിനും കാതോലിക്കോസിനുമൊക്കെ മോറാൻ മാർ എന്നും മറ്റുമുള്ള ചില വിശേഷണങ്ങൾ ചേർത്ത് ഉപയോഗിക്കുന്നുണ്ട്. അത് ഒറ്റപ്പെട്ട വ്യക്തിപരമായ കാര്യങ്ങൾ മാത്രം. ഒന്നാം തുബ്ദേനിൽ സുറിയാനിഭാഷയിലും മലയാളത്തിലെ ആദ്യത്തെ പരിഭാഷകളിലും പാത്രിയർക്കീസിനും കാതോലിക്കോസിനും ഗ്രീഗോറിയോസ് എന്ന് അനുസ്മരിക്കുന്ന പിതാവിനും ഇടവക മെത്രാപ്പോലീത്തായ്ക്കും ഒരുപോലെ ആബൂൻ മാർ എന്ന തലക്കെട്ടു മാത്രമാണ് നൽകിയിട്ടുള്ളത്. ആവേശവും ഭക്തിയും മൂത്താണ് ചിലരൊക്കെ ഇപ്പോൾ മോറാൻ മാർ എന്ന തലക്കെട്ടുപയോഗിക്കുന്നതും അതിനെ പ്രോത്സാഹിപ്പിക്കുന്നതും. അതിൽ തെറ്റൊന്നും ഇല്ല. എന്നാൽ അതിന്റെ ആവശ്യവുമില്ല. ഞങ്ങളുടെ പാത്രിയർക്കീസ് ആബൂൻ മാർ ഇഗ്നാത്തിയോസ് എന്ന പേരുകൊണ്ടുദ്ദേശിക്കുന്നത് പാത്രിയർക്കാ സ്ഥാനത്തെയാണ്. ഇപ്പോഴത്തെ പാത്രിയർക്കീസിനെ നമ്മൾ അംഗീകരിക്കുന്നില്ല എന്നൊക്കെ ചിലർ പറയാറുണ്ട്. അത് കാപട്യമാണ്. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കലാണ്. ഇന്നും ഈ ആയുഷ്ക്കാലത്തും ജീവനോടെ ഇരുന്നു മേയിച്ചു ഭരിക്കുന്ന പിതാക്കന്മാരെ സ്ഥാനനാമപേരുപറഞ്ഞാണ് ഓർക്കുന്നത്. അത് പാത്രിയർക്കേറ്റിനെയാണ്, കാതോലിക്കേറ്റിനെയാണ് എന്നൊന്നും പറയാൻ സാധിക്കില്ല. അജ്ഞതകൊണ്ടാണ് ആ രീതിയിലുള്ള വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നത്.

സഭാഭിന്നതകളുണ്ടായിട്ടുള്ള ആദിമകാലങ്ങളിൽ നാലും അഞ്ചും നൂറ്റാണ്ടുകളിൽ അന്ത്യോഖ്യൻ സഭയും കോപ്റ്റിക് സഭയും ഗ്രീക്ക് സഭകളും റോമൻ കത്തോലിക്കാ സഭയും പരസ്പരം ശപിക്കുകയും പുറത്താക്കുകയും പാത്രിയർക്കീസന്മാരുടെ പേരുകൾ അനുസ്മരണ പ്രാർത്ഥനകളിൽനിന്ന് നീക്കം ചെയ്യുകയും ഒക്കെ ചെയ്തിട്ടുണ്ട്. അതായിരുന്നു ബന്ധം വിച്ഛേദിക്കുന്ന സഭകളും പരസ്പരം മുടക്കുന്ന സഭകളും ചെയ്തുകൊണ്ടിരുന്ന പുരാതന പതിവ്. റോമൻ കത്തോലിക്കാ സഭയും ഈസ്റ്റേൺ ഓർത്തഡോക്സ് (ഗ്രീക്ക് ഓർത്തഡോക്സ്) സഭകളും തമ്മിൽ എഡി 1054-ൽ ഉണ്ടായ വലിയ ഭിന്നതയാണ് 'ഗ്രേറ്റ് സ്കിസം' എന്നറിയപ്പെടുന്നത്. ഈ സഭകൾ തമ്മിൽ രണ്ടായി വേർപിരിഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും മുടക്കിയപ്പോൾ ആദ്യം ചെയ്തത് ആരാധനയിൽ ഓർക്കുന്ന സഭാപിതാക്കന്മാരുടെ പേരുകളുടെ ലിസ്റ്റിൽനിന്ന് (തുബ്ദേനിൽനിന്ന്) പരസ്പരം പേരുകൾ വെട്ടിക്കളയുകയായിരുന്നു.

അങ്ങനെ ഒരു സംഭവം മലങ്കരസഭയിൽ ഉണ്ടായിട്ടില്ല. ഇനി മേലാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേര് കുർബ്ബാനകളിലും പ്രാർത്ഥനകളിലും ഓർക്കാൻ പാടില്ല..... എന്നു പറഞ്ഞുകൊണ്ട് ഒരു ഔദ്യോഗിക അറിയിപ്പും ഉണ്ടായിട്ടുമില്ല. സുന്നഹദോസ് തീരുമാനവും ഇല്ല. അങ്ങനെ ഒന്ന് ഉണ്ടാകാത്തിടത്തോളം കാലം ഇന്നു നടക്കുന്ന വികുർബ്ബാനയിലും "ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ മേയിച്ചു ഭരിക്കുന്ന ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മുടെ പാത്രിയർക്കീസന്മാരായ ആബൂൻ മാർ ഇഗ്നാത്തിയോസിനുവേണ്ടിയും....." എന്നു പറഞ്ഞ് ഓർക്കുന്നത് പ.ഇഗ്നാത്തിയോസ് കരീം അപ്രേം രണ്ടാമൻ പാത്രിയർക്കീസിനെ തന്നെയാണ്. അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ തന്നെയാണ് ജന മെല്ലാം ആമ്മേൻ..... കുറിയേലായിസോൻ എന്നൊക്കെ ചൊല്ലുന്നത്.

ഒന്നാം തുബ്ദേൻ പരസ്യമായി വായിക്കുമ്പോൾ പട്ടക്കാർ നടത്തുന്ന രഹസ്യപ്രാർത്ഥന ഇങ്ങനെയാണ് : "കർത്താവെ സകല പള്ളികളുടെയും മാതാവായ സെഹിയോനു വേണ്ടിയും ഭൂതലമെങ്ങുമുള്ള നിന്റെ വിശുദ്ധ സഭയ്ക്ക് പരിശുദ്ധാത്മ നൽവരങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും രക്തമർപ്പിതമല്ലാത്ത ഈ ബലി ഞങ്ങൾ അണയ്ക്കുന്നു. കർത്താവെ നീതിമാന്മാരും സത്യവാന്മാരും ഞങ്ങളുടെ പിതാക്കന്മാരുമായ ഞങ്ങളുടെ പാത്രിയർക്കീസന്മാർ മാർ ഇഗ്നാത്തിയോസിനെയും മാർ ബസ്സേലിയോസിനെയും മാർ ഗ്രിഗോറിയോസിനെയും ഞങ്ങളുടെ മേൽപട്ടക്കാരനായ മാർ .....യും കശ്ശീശന്മാരെയും വൈദികഗണം മുഴുവനെയും ബലഹീനനായ എന്നെയും ഓർത്തുകൊള്ളേണമെ." (മാർ യാക്കോബിന്റെ തക്സാ)

"ദൈവമായ കർത്താവെ ഈ ബലി സമയത്ത്, സകല പരിശുദ്ധ പള്ളികളെയും അവയിലെ ജീവനോടെയിരിക്കുന്ന സത്യവിശ്വസികളായ ഇടയന്മാരെയും, പ്രത്യേകിച്ച് മാർ ഇഗ്നാത്തിയോസിനെയും മാർ ബസ്സേലിയോസിനെയും മാർ ഗ്രിഗോറിയോസിനെയും ഞങ്ങളുടെ മേൽപട്ടക്കാരനായ മാർ .....നെയും സത്യവിശ്വാസികളായ മറ്റെല്ലാ എപ്പിസ്കോപ്പന്മാരെയും തിരുമുമ്പാകെ ഞങ്ങൾ ഓർക്കുന്നു." (മാർ യോഹന്നാൻ ഏവൻഗേലിസ്റ്റായുടെ തക്സ)

"കർത്താവെ നിന്റെ ഇടവകയ്ക്കുവേണ്ടി പ്രത്യേകിച്ച് ഭാഗ്യവാന്മാരും ഞങ്ങളുടെ പിതാക്കന്മാരുമായ ഞങ്ങളുടെ പാത്രിയർക്കീസന്മാർ മാർ ഇഗ്നാത്തിയോസിനും മാർ ബസ്സേലിയോസിനും മാർ ഗ്രിഗോറിയോസിനും ഞങ്ങളുടെ മേൽപട്ടക്കാരൻ മാർ .....നും സത്യവിശ്വാസികളായ മറ്റ് സകല എപ്പിസ്കോപ്പന്മാർക്കുംവേണ്ടി ഈ ദിവ്യബലി ഞങ്ങൾ നിനക്ക് അർപ്പിക്കുന്നു." (പന്ത്രണ്ട് ശ്ലീഹന്മാരുടെ തക്സ)

വിശുദ്ധ കുർബ്ബാനയിൽ മാത്രമല്ല മറ്റ് ശുശ്രൂഷകളിലും പല ലൂത്തിനിയാകളിലും പാത്രിയർക്കീസിന്റെ പേര് ഓർത്ത് പ്രാർത്ഥിക്കാറുണ്ട്. ഊശാനപെരുന്നാളിന്റെ കുരുത്തോല വാഴ്വിൽ നടത്തുന്ന ലൂത്തിനിയായിൽ ഒന്ന് : "സർവ്വലോകത്തിന്റെയും നിലപ്പിനും സമാധാനത്തിനും വേണ്ടിയും ഞങ്ങളുടെ പിതാക്കന്മാരും സൗഭാഗ്യശാലികളും പാത്രിയർക്കീസന്മാരുമായ ആബൂൻ മാർ ഇഗ്നാത്തിയോസിനുവേണ്ടിയും മാർ ബസ്സേലിയോസിനുവേണ്ടിയും ഞങ്ങളുടെ മേൽപട്ടക്കാരൻ മാർ .....വേണ്ടിയും സത്യവിശ്വാസികളായ ശേഷം സകല എപ്പിസ്കോപ്പന്മാർക്കുവേണ്ടിയും ദൈവമാതാവായ മറിയമ്മിന്റെയും പരിശുദ്ധന്മാരുടെയും വിശ്വാസികളായ പരേതരുടെയും ഓർമ്മയ്ക്കുവേണ്ടിയും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. കുറിയേലായിസോൻ....."

ഈ പ്രാർത്ഥനകളെല്ലാം ജീവനോടെയിരിക്കുന്ന ആത്മീയ പിതാക്കന്മാർക്കുവേണ്ടിയുള്ളതാണ്. അതിലൊന്നാം സ്ഥാനം നൽകിയിരിക്കുന്നത് പ.പാത്രിയർക്കീസ് ബാവായ്ക്കാണ് എന്ന് വ്യക്തമാണല്ലോ.

പ.പാത്രിയർക്കീസ് ബാവായെ കുർബ്ബാനയിൽ ഓർക്കുന്നത് സംബന്ധിച്ച് സമുദായ കേസ് കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്ത് ഇപ്പോൾ പുട്ടിക്കിടക്കുന്ന കട്ടച്ചിറപള്ളിയിൽ വെച്ച് പമത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി പ്രസംഗിച്ചത് സന്തോഷം പവിത്രമംഗലം എന്നയാൾ കഴിഞ്ഞദിവസം വാട്ട്സ്ആപ്പിൽ കുറിച്ച ഒരുഭാഗം ചേർക്കുന്നു. "പാത്രിയർക്കീസിനെ കുർബ്ബാനയിൽ ഓർക്കുന്ന കാര്യം ബഹു.എം.ഒ.ജോണച്ചൻ പറഞ്ഞപ്പോൾ അത് ചർച്ചയാക്കി മാറ്റി. നല്ല കാര്യം. അതുകൊണ്ട് ഈ വിഷയത്തെപ്പറ്റി ആധികാരികമായി അറിയുവാനും കഴിഞ്ഞു. എന്നാൽ പ.പാത്രിയർക്കീസിനെ വികുർബ്ബാനയിൽ ഓർക്കുന്നതിനെപ്പറ്റി ഭാഗ്യസ്മരണാർഹനായ പമത്യൂസ് ദ്വിതീയൻ ബാവാ കട്ടച്ചിറ പള്ളിയിൽ നടത്തിയ ഒരു പ്രസംഗത്തിലെ പ്രധാനപ്പെട്ട ഒരു പ്രസ്താവന ഇന്നും ഓർക്കുന്നു. **"പ.പാത്രിയർക്കീസ് ബാവായെ ഓർക്കാത്ത ഒരൊറ്റ കുർബ്ബാനയും നാം അർപ്പിക്കാറില്ല."** അന്നത്തെ പ്രസംഗത്തിന്റെ ശബ്ദമൊഴികൾ ഇന്നത്തെപ്പോലെ ആരും സൂക്ഷിച്ചുവെയ്ക്കുവാൻ സാധ്യതയില്ല." (1991, സെപ്റ്റംബർ 7)

മലങ്കരസഭയിൽ ശാശ്വത സമാധാനം എങ്ങനെ സാധ്യമാക്കാം?

ഫാ.ജോൺസൺ പുഞ്ചക്കോണം

ജൂലൈ 3-ലെ ബഹു.സുപ്രീംകോടതിവിധികളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് മലങ്കരസഭാസമാധാനത്തിനായുള്ള ഒരു പുതിയ പാത വെട്ിത്തുറക്കേണ്ടത് മലങ്കരസഭാ നേതൃത്വമാണ്. കീഴടക്കലിന്റെയോ, പിടിച്ചടക്കലിന്റെയോ ഭാവം പ്രായോഗിക രീതിശാസ്ത്രമല്ല, ദൈവീകനീതിയുമല്ല. 1934-ലെ ഭരണഘടനയിലും സുപ്രീംകോടതിവിധിയിലും അടിസ്ഥാനമിട്ട് സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുവാൻ സത്വര നടപടി ഉണ്ടാകണം. അതിന് കാര്യശേഷിയുള്ളവരെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

1934-ലെ മലങ്കരസഭാ ഭരണഘടനയും 2017 ജൂലൈ 3-ലെ സുപ്രീംകോടതിയുടെയും അടിസ്ഥാനത്തിൽ മാത്രമല്ലാതെ മലങ്കരസഭയിൽ ശാശ്വതമായ സമാധാനം ഇനി സാധ്യമാകില്ല. ഇരുവിഭാഗങ്ങളായി പിരിയുകഎന്നതും ഇപ്പോഴുണ്ടായിരിക്കുന്ന വിധികൾ പ്രകാരം സാധ്യമല്ല. വർഷങ്ങൾ നീണ്ട വ്യവഹാരങ്ങൾക്കുശേഷം ഉണ്ടായിരിക്കുന്ന സുപ്രീംകോടതിവിധിയുടെ അന്തിമവിധിയിലൂടെ സഭ ഒന്നായി തീരണമെന്നും സമാന്തരഭരണം സഭയിൽ അവസാനിപ്പിക്കണമെന്നും സുപ്രീംകോടതിവിധി അടിവരയിട്ടു പറഞ്ഞിരിക്കുന്നു. ഇനി ഏത് കോടതിയിൽ പോയാലും മറിച്ചൊരു വിധി ഉണ്ടാകില്ല എന്ന സത്യം നാം ഉൾക്കൊള്ളണം. സോഷ്യൽ മീഡിയാകൾ വഴി ആക്ഷേപിക്കുന്നതും പരസ്പരം ചെളിവാരിയെറിയുന്നതും അവസാനിപ്പിക്കണം. ഇതൊന്നും ഒരു പരിഹാരമാർഗ്ഗമല്ല എന്ന തിരിച്ചറിവ് ഉണ്ടായേ മതിയാകയുള്ളു.

1934-ലെ ഭരണഘടനപ്രകാരം മലങ്കരസഭയിലെ ഇടവകകൾ ഭരിക്കപ്പെടണമെന്നും ജൂലൈ 3-ലെ വിധി മലങ്കരയിലെ എല്ലാ ഇടവകകൾക്കും ബാധകമെന്നും, സർക്കാർ ഭരണസംവിധാനങ്ങൾ വിധി നടപ്പിലാക്കുവാൻ അനുകൂല സാഹചര്യം ഒരുക്കണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതിവിധിയുണ്ടായി. മലങ്കരസഭാനേതൃത്വത്തിൽനിന്നും ശ്രദ്ധാപൂർവ്വമായ ചില നടപടികൾ ഇപ്പോഴാണ് ഉണ്ടാകേണ്ടത്. സുപ്രീംകോടതിവിധിയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് സഭയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. 1934-ലെ ഭരണഘടന അനുസരിച്ച് മലങ്കരസഭയിൽ തുടരുവാൻ താൽപര്യമുള്ള വിശ്വാസികൾക്കും വൈദികർക്കും എപ്പിസ്കോപ്പാമാർക്കും ആ സാഹചര്യം ഒരുക്കിയാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളു. ഇടവകപള്ളികൾ 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം എന്നു പറയുമ്പോൾ നിലവിലുള്ള വൈദികരുടെയും മേൽപട്ടക്കാരുടെയും സ്ഥാനങ്ങൾകൂടി പരിഹരിച്ചുകൊണ്ടേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളു. ഇതിൽ തീരുമാനമുണ്ടായാൽ മറ്റെല്ലാം പരിഹരിക്കപ്പെടും. ബഹു.സുപ്രീംകോടതിവിധിപ്രകാരം 1934-ലെ ഭരണഘടന അനുസരിക്കുവാൻ തയ്യാറാകുന്ന വൈദികരെയും മെത്രാന്മാരെയും അതാതു സ്ഥാനങ്ങളിൽ സ്വീകരിക്കുവാൻ മലങ്കര തയ്യാറാവുകയും അത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകുവാനുള്ള സാധ്യത ഉള്ളു. അല്ലാതെ രാഷ്ട്രീയക്കാരുടെ പിന്നാലെ പോകുന്നത് മലങ്കരസഭയ്ക്ക് ശാശ്വതമായ പരിഹാരത്തിനുള്ള മാർഗ്ഗമല്ല എന്ന തിരിച്ചറിവ് ഇരുകൂട്ടർക്കും ഉണ്ടാകണം. സ്വാർത്ഥമതികളായ ചിലരുടെ താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്ഥാനമാനങ്ങൾക്കുവേണ്ടിയും മലങ്കരസഭയെ ചട്ടുകമാക്കരുത്.

സുപ്രീംകോടതിവിധിക്കുശേഷം പ.കാതോലിക്കാ ബാവാ തിരുമേനി മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം എന്ന് പലതവണ പലയിടത്തും വെച്ച് പ്രഖ്യാപിക്കുകയുണ്ടായി. ശാശ്വത സമാധാനത്തിനുള്ള നടപടികൾ സുപ്രീംകോടതിവിധി നടപ്പാക്കുകയാണ് എന്നും പ്രസ്താവിക്കാറുണ്ട്. 1934-ലെ ഭരണഘടന എല്ലാ പള്ളികളിലും നടപ്പാകണമെന്നും പ.പിതാവ് പറയുന്നുണ്ട്. ഇപ്പോൾ യാക്കോബായ പക്ഷത്തു നിൽക്കുന്ന വൈദികരും മെത്രാപ്പോലീത്തന്മാരും 1934-ലെ ഭരണഘടന അനുസരിക്കുവാൻ തയ്യാറായാൽ അവരെ എങ്ങനെ സ്വീകരിക്കും എന്നുള്ള കാര്യം ഇതുവരെ എങ്ങും വ്യക്തമാക്കിയതായി അറിയില്ല. 1934-ലെ ഭരണഘടന പള്ളികളിൽ നടപ്പാക്കണമെന്നു പറയുമ്പോൾ ഇപ്പോൾ മറുപക്ഷത്തുനിൽക്കുന്ന വിശ്വാസികളും പുരോഹിതന്മാരും മെത്രാപ്പോലീത്തന്മാരും അതിൽ എങ്ങനെ പങ്കാളികളാകണമെന്നുള്ളതിനെക്കുറിച്ച് കൂടുതൽ വ്യക്തമായ നിലപാട് പരസ്യമായി പ്രഖ്യാപിക്കേണ്ടത് ഇത്തരുണത്തിൽ ആവശ്യമാണ്. അങ്ങനെ വ്യക്തമായി ഒരു പ്രഖ്യാപനം നടത്തിയാൽ തീർച്ചയായിട്ടും അത് അനുരഞ്ജനത്തിനും സമാധാനത്തിനും വഴിതുറക്കും. അതല്ലാതെ പള്ളികളിൽ ഭരണഘടന നടപ്പിലാക്കണമെന്നും വൈദികസ്ഥാനികളെ സ്വീകരി

(ശേഷം പേജ് 5-ൽ)

പ.കാതോലിക്കാ ബാവായുടെ തൃക്കുന്നത്ത് സെമിനാരി പ്രസംഗത്തോട് അനുകൂലമായ ഒരു നിഷ്പക്ഷ പ്രതികരണം

ശാശ്വത സമാധാനം

ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ പ.കാതോലിക്കാ ബാവാ പുണ്യപിതാക്കന്മാരുടെ ഓർമ്മദിവസത്തിൽ മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്നും സുപ്രീംകോടതിവിധിയും 1934-ലെ ഭരണഘടനയും അനുസരിച്ചു മാത്രമേ സമാധാനം ഉണ്ടാവുകയുള്ളു എന്നും അതിന് മുൻകൈ എടുക്കേണ്ടത് മറുവിഭാഗം നേതൃത്വമാണെന്നും പ്രസ്താവിച്ചു.

ഈ പറയുന്നത് ആത്മാർത്ഥതയോടെയാണെങ്കിൽ സമാധാനം ഉണ്ടാകണമെന്ന ആഗ്രഹം യഥാർത്ഥമാണെങ്കിൽ ആദ്യം വ്യക്തവും ശക്തവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നാണ് ഉണ്ടാകേണ്ടത്.

1934 ഭരണഘടനയും സുപ്രീംകോടതിവിധികളും മറുവിഭാഗം അംഗീകരിച്ചാൽ മറുഭാഗത്തുള്ള മെത്രാന്മാർ എന്തുചെയ്യണം, വൈദികർ എന്തുചെയ്യണം. ഈ രണ്ടു കാര്യങ്ങൾക്ക് മാത്രമേ പരിഹാരം വേണ്ടൂ. അതിനുള്ള ക്രിയാത്മക നിർദ്ദേശം പ.കാതോലിക്കാ ബാവാ തന്നെ പറയണം.

എന്നിട്ട് പരസ്പരം ക്ഷമിച്ച് ദൈവസ്നേഹത്തിൽ നിറഞ്ഞ് കൈകസ്തൂരി കൊടുത്താൽ മലങ്കരസഭയിലെ ആബാലവൃദ്ധം ജനങ്ങളും കേരളത്തിലെ മുഴുവൻ ജനങ്ങളും സന്തോഷിക്കും. സ്വർഗ്ഗം സന്തോഷിക്കും. പ.പാത്രിയർക്കീസ് ബാവാ പ്രസ്താവിച്ചുകഴിഞ്ഞു 1934-ലെ ഭരണഘടനയിൽ എന്തു പറയുന്നുവോ അത് പൂർണ്ണമായും അംഗീകരിക്കുന്നു എന്നത്. ദൈവേഷ്ടം തിരിച്ചറിഞ്ഞ് ദൈവസ്നേഹത്താൽ നിറഞ്ഞ് പ.കാതോലിക്കാ ബാവായ്ക്ക് ശാശ്വതസമാധാനം ഉണ്ടാക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഐക്യശ്രമങ്ങൾക്ക് വിലങ്ങുതടിയാകുന്ന സുപ്രധാനഘടകം യാക്കോബായ വിഭാഗത്തിലെ വൈദികരാണ്. ഏകീകൃത സഭയിൽ തങ്ങൾ പുറത്താകുമെന്ന് അവർ ഭയക്കുന്നെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാൽനൂറ്റാണ്ടോ അതിലധികമോ കാലം അച്ചൻപണി ചെയ്തിട്ട് ഒരു സുപ്രഭാതത്തിൽ തങ്ങളെ തൊഴിൽരഹിതരാക്കുന്ന ഐക്യത്തെ അവർ കണ്ണുമടച്ച് എതിർത്താലും തുരങ്കം വെച്ചാലും അത്ഭുതത്തിന് അവകാശമില്ല. കാരണം അത് അവരുടെ നിലനിൽപ്പിന്റെ - അതിജീവനത്തിന്റെ - പ്രശ്നമാണ്. ഏകീകൃത സഭയിൽ അവരുടെ ഭാവിയെപ്പറ്റി ഒരു നയവും ഓർത്തഡോക്സ് സഭ ഇതുവരെ സ്വീകരിച്ചിട്ടില്ല. എങ്കിൽപോലും അവരെ ഭയപ്പെടുത്തുന്ന ചില അനൗദ്യോഗിക പ്രസ്താവനകൾ ചില കോണുകളിൽനിന്നും ഉയരുന്നുണ്ട്. ഇത് അനഭിലഷണീയ പ്രവണതയാണ്. പ.എപ്പിസ്കോപ്പൽ സുന്നഹദോസ് പോലുള്ള ഉത്തരവാദിത്വപ്പെട്ട സമിതികൾ പ്രാർത്ഥനാപൂർവ്വം ചിന്തിച്ച് വ്യക്തമായ നയം രൂപീകരിച്ച് പ്രഖ്യാപിക്കുന്നതുവരെ ഏകപക്ഷീയമായ പ്രസ്താവനകൾ ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടാകരുത്. വിധി നടത്തുസംരംഭങ്ങളിലും വ്യക്തമായ നയവും പ്രവർത്തന രീതിയും ഉത്തരവാദിത്വപ്പെട്ടവർ രൂപീകരിക്കണം. ഭരണഘടാതീതരായ ചില ശക്തികൾ അപകടമായി എടുത്ത തീരുമാനങ്ങളാണ് സമീപകാലത്ത് ദുരന്തത്തിൽ കലാശിച്ചത് എന്ന യാഥാർത്ഥ്യം ഓർത്തഡോക്സ് സഭ തിരിച്ചറിഞ്ഞേപറ്റൂ. സഭൈക്യം യാഥാർത്ഥ്യമായാൽ മലങ്കരസഭയിൽ വൈദികർ അധികരിക്കുമെന്നത് ഇരുപക്ഷവും വെച്ചുപുലർത്തുന്ന ഒരു തെറ്റിദ്ധാരണയും ഭയവുമാണ്. രണ്ടായി നിൽക്കുന്ന ഇടവകകൾ യോജിച്ച് ഒന്നാകുമ്പോൾ ഒരു വികാരി അധികമാകും എന്ന കണക്കുകൂട്ടലാണ് ഇതിനു പിന്നിൽ. പക്ഷെ മൂന്നൂറോ അതിലധികമോ ഇടവകാംഗങ്ങൾ ഉള്ള പള്ളികളിൽ രണ്ട് വൈദികർ വേണമെന്ന് പ.എപ്പിസ്കോപ്പൽ സുന്നഹദോസ് വർഷങ്ങൾക്കു മുമ്പ് തീരുമാനമെടുത്തിട്ടുള്ളതാണ്. കോട്ടയം ഭദ്രാസനത്തിൽ ഇത് നടപ്പാക്കിയിട്ടുമുണ്ട്. ഈ മാനദണ്ഡം കർശനമാക്കിയാൽ വൈദികരെ പുനരധിവസിപ്പിക്കുക എന്നത് അനായാസമായ ഒരു വിഷയമാണ്.

യാക്കോബായ പക്ഷത്തെ വൈദികരിൽ ബഹുഭൂരിപക്ഷത്തിനും അടിസ്ഥാന വൈദികവിദ്യാഭ്യാസംപോലുമില്ലാ എന്ന ആരോപണമാണ് ചിലർ ഉന്നയിക്കുന്നത്. ഇത് ഒരു പരിധിവരെ ശരിയുമാണ്. ഒറിയന്റേഷൻ കോഴ്സുകളിലൂടെ പരിഹരിക്കാവുന്ന പ്രശ്നം മാത്രമാണിത്. അതിന് തയ്യാറാകാത്തവരെ പുറത്തുനിർത്താം. കത്തനാർ സ്ഥാനാർത്ഥിയെ..... സമുദായം വക വൈദികസെമിനാരിയിലേക്ക് അയക്കേണ്ടതും ആവശ്യമുള്ള വൈദികപഠനത്തിനു ശേഷം പട്ടത്വത്തിന് യോഗ്യന്മാരാണെന്ന് സെമിനാരി പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നതായാൽ ഇടവക മെത്രാപ്പോലീത്തായോ മലങ്കര മെത്രാപ്പോലീത്തായോ യുക്തംപോലെ അവർക്ക് പട്ടംകൊടുക്കുന്നതുമാകുന്നു. എന്നാൽ മൂന്നുവർഷത്തെ വൈദികപഠനത്തിനുശേഷം സെമിനാരി പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റുള്ളപക്ഷം കോറൂയോപട്ടം കൊടുക്കാവുന്നതാകുന്നു..... എന്ന ഭരണഘടനാനിബന്ധന നിലനിൽക്കെ ഇതിനു വിരുദ്ധമായി പട്ടമേറ്റവർ ഓർത്തഡോക്സ് സഭയിൽ ഇപ്പോഴുമുണ്ടെന്ന വസ്തുത ഇത് അപരിഹാര്യമല്ല എന്ന് വ്യക്തമാക്കുന്നു. പിന്നീടുള്ള വിഷയം മുൻ യാക്കോബായ വിഭാഗത്തിലെ മെത്രാന്മാരാണ്. ഇത് ഒരു സങ്കീർണ്ണമായ വിഷയമാണ്. ഇവരിൽ ചിലരെപ്പറ്റി ചിലർ ഉന്നയിക്കുന്ന വ്യക്തിപരമായ ആരോപണങ്ങൾ ഇവിടെ പരിഗണിക്കുന്നതേയില്ല. പക്ഷെ മലങ്കരസഭയുടെ സങ്കീർണ്ണവും അനിവാര്യവുമായ തെരഞ്ഞെടുപ്പ് - അംഗീകാര പ്രക്രിയയിലൂടെ അവർ കടന്നുപോയിട്ടില്ലാ എന്നത് ഒരു യാഥാർത്ഥ്യമാണ്. മലങ്കരസഭ ഭരണഘടന അനുസരിച്ച് ഇത് അനിവാര്യമാണുതാനും. എങ്കിലും അത് അഴിക്കാനാവാത്ത കുരുക്കൊന്നുമല്ല എന്ന് പഴയ ഗേൻ ബാവാ മുതൽ ഓർത്തഡോക്സ് സഭയിലേക്ക് കടന്നുവന്ന മുൻ പാത്രിയർക്കീസ് വിഭാഗം മേൽപട്ടക്കാർ തെളിയിക്കുന്നു. ഈ വിഷയത്തിലെ രണ്ടാമത്തെ ഉൽകണ്ഠ ഇരുവിഭാഗത്തിലെയും മെത്രാന്മാർ ഒരുമിച്ചു വരുമ്പോൾ സംജാതമാകുന്ന പ.എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ വൈപുല്യമാണ്. തീർച്ചയായും ഇത് ഭരണകാര്യക്ഷമതയെ അതീവ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. ഇതും പരിഹാരമില്ലാത്ത ഒരു പ്രശ്നമല്ല. റോമൻ, എത്യോപ്യൻ, റഷ്യൻ മുതലായ സഭകളിലുള്ളതുപോലെ പരിമിതാംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് സുന്നഹദോസ് പുതുതായി രൂപപ്പെടുത്തി പരിഹരിക്കാവുന്ന പ്രശ്നമേയുള്ളൂ. ഇവിടെയാണ് സുപ്രീംകോടതി നിർദ്ദേശിച്ച .....അത്യാവശ്യമെങ്കിൽ നിയമാനുസൃതം ഭരണഘടന ഭേദഗതി ചെയ്യണം എന്ന മാർഗ്ഗം പ്രയോഗിക്കേണ്ടത്.

യാക്കോബായ വിഭാഗത്തിലെ മെത്രാന്മാരുടെ പെരുപ്പം പ്രചരിപ്പിക്കുന്നതുപോലെ അത്ര ഭീകരമായ ഒന്നല്ല. 1995-ലെ സുപ്രീം കോടതിവിധിപ്രകാരം മലങ്കരസഭയുടെ ഭാഗമല്ലാത്ത ക്നാനായ സമുദായം, പൗരസ്ത്യ സുവിശേഷ സമാജം, സിംഹാസനപള്ളികൾ മുതലലലായവയുടെ മെത്രാന്മാരെ പുനരധിവസിപ്പിക്കാനുള്ള ബാധ്യതയൊന്നും തൽക്കാലം മലങ്കരസഭയ്ക്കില്ല.

പെന്തിക്കോസ്തിക്കു ശേഷമുള്ള കാലത്ത് ആദിമസഭയെ ഏറ്റവും അധികം ദ്രോഹിച്ച വ്യക്തിയായിരുന്നു ശൗൽ. അദ്ദേഹം പൗലോസ് ആയി സഭയിലേക്ക് കടന്നുവന്നപ്പോൾ സഭയുടെ ഏറ്റവും വലിയ കെട്ടുപണിക്കാരനായി. ഒമ്പതാം മണി നേരത്തു വരുന്നവനും തുല്യ കൂലി കൊടുക്കുന്നത് യജമാനന്റെ ഇഷ്ടമാണെന്ന് കല്പിച്ചത് കർത്താവാണ്. അതു മനസ്സിലാക്കാതെയാണ് 1958 മുതൽ 1980 വരെ ഓർത്തഡോക്സ് സഭയിലേക്ക് വന്നവരിൽ ചിലർ അതിനുശേഷം വന്നവരെയും വരാനിരിക്കുന്നവരെയും അപഹാസിക്കുന്നത്. മിനിഞ്ഞാന്നു വന്നവർ ഇന്നലെ വന്നവരെ വരത്താ എന്നു വിളിച്ച് അപമാനിക്കുന്നതിൽ പരിതപിക്കുകയല്ലാതെ മറ്റെന്തുചെയ്യാൻ.

ഇതൊക്കെ പൊതുവായി ഉയരുന്ന ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളുമാണ്. പക്ഷെ ഇതിനേക്കാൾ ഗുരുതരമായ ഒരു സൈദ്ധാന്തിക പ്രശ്നം ശ്രദ്ധിക്കാതെ പോകുന്നുണ്ട്. അത് കഴിഞ്ഞ് നാലു പതിറ്റാണ്ട് (1977-2017) യാക്കോബായ വിഭാഗം ഓർത്തഡോക്സ് സഭയ്ക്കെതിരെ രണ്ട് തലമുറകളിൽ നടത്തിയ വിഷലിപ്തപ്രചരണവും മസ്തിഷ്കപ്രക്ഷാളനവും വിദ്വേഷ സ്ഥാപനവുമാണ്. കാലത്തിനു മാത്രമേ അത് മായിക്കാൻ സാധിക്കൂ. അതിനുവേണ്ടത് സ്നേസ്മൃണമായ പെരുമാറ്റമാണ്. അല്ലാതെ അങ്കക്കലി കയറിയ "രക്തത്തിനു രക്തം" മാതൃകയിലുള്ള പ്രവർത്തനങ്ങളല്ല പ്രതികാരം യഹോവയ്ക്കുള്ളതാകുന്നു എന്ന് എല്ലാവരും മനസ്സിലാക്കണം. പ.പിതാവിന് ചാക്കാല പാടിയവരോ അവരുടെ അനന്തര തലമുറയോ കാലുകഴുകിച്ചൂട്ടുന്ന കാലം വിദൂരമല്ല എന്ന് മനസ്സിലാക്കി തൽക്കാലം മിണ്ടാതിരിക്കണം. അല്ലാതെ സ്ഥാപിത - വ്യക്തിതാൽപര്യങ്ങളുടെ പേരിൽ കുടിപ്പക വളർത്തി ഇരുവിഭാഗങ്ങളിലെയും വരും തലമുറകളെക്കൂടി നശിപ്പിക്കരുത്.

മലങ്കരസഭയിൽ ശാശ്വത സമാധാനം....പേജ് 4-ൽനിന്ന്

ക്കാൻ സാധ്യമല്ലെന്നും ഉള്ള നിലപാട് സ്വീകരിച്ചാൽ സമാധാനം വെറും ഒരു സ്വപ്നമായി മാത്രം അവശേഷിക്കും.

1. 1934-ലെ ഭരണഘടന അനുസരിച്ച് മലങ്കരസഭയിൽ തുടരുവാൻ താൽപര്യമുള്ള വൈദികരെ തൽക്കാലം അതാത് ഇടവകയിലോ മറ്റേതെങ്കിലും ഇടവകകളിലോ അസിസ്റ്റന്റ് വികാരിമാരായി ചുമതല നൽകണം.

2. 1934-ലെ ഭരണഘടന അനുസരിച്ച് മലങ്കരസഭയിൽ തുടരുവാൻ താൽപര്യമുള്ള മെത്രാച്ചന്മാർക്കും മലങ്കര അസോസിയേഷൻ കൂടി അഗീകരിക്കുന്നത് വരെ തൽക്കാലം അതാത് ഭദ്രാസനങ്ങളിലോ, മറ്റേതെങ്കിലും ഭദ്രാസനങ്ങളിലോ അസിസ്റ്റന്റുമാരായി ചുമതല നൽകുവാൻ മലങ്കര മെത്രാപ്പോലീത്തായുടെ പ്രത്യേക അധികാരത്താൽ സാധിക്കും (ഇപ്പോൾ ഒഴിവു വരുന്ന ഭദ്രാസനങ്ങളിൽ മലങ്കര മെത്രാപ്പോലീത്താ തന്റെ അസിസ്റ്റന്റുമാരായി നിയമിക്കുന്നതുപോലെ) പിന്നീട് 1934ലെ ഭരണഘടനപ്രകാരം മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്ത് അംഗീകരിക്കുന്ന മുറയ്ക്ക് സ്വതന്ത്ര ചുമതലകൾ നൽകാവുന്നതാണ്.

3. 2002-ൽ നടന്ന മലങ്കര അസോസിയേഷൻ അംഗീകരിച്ചതുപോലെ 1934-ലെ ഭരണഘടന അനുസരിച്ച് മലങ്കരസഭയിൽ തുടരുവാൻ താൽപര്യമുള്ള മെത്രാച്ചന്മാരെ അംഗീകരിച്ചുകൊണ്ട് മലങ്കരസഭയിലെ കക്ഷിവഴക്കുകൾ എന്നന്നേക്കുമായി ഇല്ലാതാക്കുവാനുള്ള ഒരു പരിശ്രമം ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു പ്രാർത്ഥനാപൂർവ്വം നടപ്പിലാക്കുവാൻ മലങ്കരസഭാ നേതൃത്വം മുൻകൈ എടുക്കണം.

ജൂലൈ 3-ലെ ബഹു.സുപ്രീംകോടതിവിധികളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് മലങ്കരസഭാസമാധാനത്തിനായുള്ള ഒരു പുതിയ പാത വെട്ടിത്തുറക്കേണ്ടത് മലങ്കരസഭാ നേതൃത്വമാണ്. കീഴടക്കലിന്റെയോ, പിടിച്ചടക്കലിന്റെയോ ഭാവം പ്രായോഗിക രീതിശാസ്ത്രമല്ല. ദൈവികനീതിയുമല്ല. 1934-ലെ ഭരണഘടനയിലും സുപ്രീംകോടതിവിധിയിലും അടിസ്ഥാനമിട്ട് സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുവാൻ സത്വര നടപടി ഉണ്ടാകണം. അതിന് കാര്യശേഷിയുള്ളവരെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

കൂറിലോസ് തിരുമേനിയെ.....പേജ് 2-ൽനിന്ന്

കൊല്ലത്തിന്റെ സാരഥി.) 1953 മെയ് 15-നാണ് മാത്യൂസ് റമ്പാനെ (38-ാം വയസ്സിൽ), മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പായി വാഴിച്ചത്. അന്നു മുതൽ കൊല്ലം മെത്രാസനത്തിന്റെ അസിസ്റ്റന്റ് ആയി ചുമതല നൽകി. 1959 ജൂലൈയിൽ മെത്രാപ്പോലീത്തയായി. 1965-ൽ കൊല്ലം ഭദ്രാസനാധിപനായി. (എന്നാൽ വളരെ മുമ്പുതന്നെ കൊല്ലം മെത്രാസനത്തിലെ കാര്യങ്ങൾ നിർവഹിക്കാൻ മാത്യൂസ് റമ്പാനെ (മാർ കൂറിലോസ് തിരുമേനി) ഗീവർഗീസ് ദ്വിതീയൻ ബാവാ ചുമതലപ്പെടുത്തുകയുണ്ടായി. ശാരീരിക ക്ഷീണത്താൽ തേവോദോസ്യോസ് തിരുമേനി, റാന്നി ബഥനിയിൽ വിശ്രമജീവിതം നയിച്ചപ്പോഴാണ് ഈ ക്രമീകരണമുണ്ടായത്). 1991 ഏപ്രിൽ 29-ന് കാതോലിക്കയായി വാഴിക്കപ്പെട്ടു. പിറ്റേ ദിവസം ബാവ 5 മേപ്പട്ടക്കാരെ വാഴിച്ചത് പ്രത്യേകത നിറഞ്ഞ സഭാചരിത്ര സംഭവമാണ്. (1989-ൽ മേൽപ്പട്ടസ്ഥാനത്തേക്ക് തെരെഞ്ഞെടുക്കപ്പെടുകയും 1990-ൽ റമ്പാൻമാരാക്കുകയും ചെയ്ത 5 പേരെയാണ് ബിഷപ്പ് പദവിയിലേക്ക് ഉയർത്തിയത്). 2005 ഒക്ടോബർ അവസാനം സ്ഥാനത്യാഗം ചെയ്തു. മലങ്കര സഭയുടെ 6-ാമത്തെ കാതോലിക്കാ ബാവ ആയിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ തിരുമേനി അന്ത്യവിശ്രമത്തിനായി ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമ ചാപ്പലിനോട് ചേർന്നുള്ള സ്ഥലം മുൻകൂട്ടി തന്നെ നിശ്ചയിച്ചിരുന്നു. 91-ാം വയസിൽ 2006 ജനുവരി 26-ന് കാലം ചെയ്തു. സംസ്ഥാന ബഹുമതികളോടെ 28-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് കബറടക്കി. ഒരു മഹാത്മാവ് മൗണ്ട് ഹോറേബിൽ അന്ത്യ വിശ്രമം കൊള്ളുന്നു

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മറവുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

ജോൺ ചെന്നൈ

Vol. 25 Issue 7
February 1

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2018-2020
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 35/2018-10

വെബ് പേജിൽനിന്ന്

സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഘടികാരത്തിന്റെ ഭയം

പ്രശസ്തനായ ഡി.എൽ.മൂഡി ഒരു ഭവനം സന്ദർശിച്ചപ്പോൾ ആ വീട്ടിലെ സഹോദരി തന്റെ ഒരു പ്രശ്നം അദ്ദേഹത്തോട് ഇങ്ങനെ പങ്കിട്ടു. ബ്രദർ മൂഡി, താങ്കളുടെ സുവിശേഷയോഗത്തിൽ സംബന്ധിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഞാൻ സ്വീകരിച്ചു. ഇപ്പോൾ സന്തോഷമായിരിക്കുന്നു. എന്നാൽ ഈ ലോകത്തിലേക്കു നോക്കുമ്പോൾ എനിക്കു പേടിയാണ്. എത്രപേരാണ് വിശ്വാസം തൃജിച്ചു പിന്മാറി പോകുന്നത്? എനിക്ക് ഇപ്പോഴുള്ള വിശ്വാസത്തിൽ നിലനിൽക്കുവാൻ കഴിയുമോ എന്ന് എനിക്ക് പലപ്പോഴും സംശയമാണ്. ഇത് എന്റെ സ്വസ്ഥത കെടുത്തിക്കളയുന്നു.

മൂഡി മറുപടിയായി ഒരു കഥ പറഞ്ഞു. ഒരു വാച്ച് റിപ്പയറർ തന്റെ കഴിവുകളെല്ലാം ഉപയോഗിച്ച് നല്ല ഒരു ഘടികാരം ഉണ്ടാക്കി. ആ ഘടികാരം വീടിന്റെ ഭിത്തിമേൽ ഉറപ്പിച്ചു. ഘടികാരം കൃത്യമായി ഒരു സെക്കന്റ് പോലും തെറ്റാതെ ഓടുവാൻ തുടങ്ങി. കുറച്ചുനേരം ഭംഗിയായി ഓടിക്കഴിഞ്ഞപ്പോൾ ക്ലോക്കിനൊരു സംശയം. അടുത്ത ദിവസവും എനിക്ക് ഇപ്രകാരം ഓടുവാൻ കഴിയുമോ? ഞാനില്ലാതാകുംവരെ സമയം കൃത്യമായി കാണിക്കുവാൻ എനിക്കു സാധിക്കുമോ?

ഘടികാരത്തിന്റെ സംശയം മനസ്സിലാക്കി അതിനു രൂപകല്പന ചെയ്ത മനുഷ്യൻ അതിനോട് ഇങ്ങനെ പറഞ്ഞു നീ ഓടുന്നിടത്തോളം ഓടുക, പിന്നീടുള്ള കാര്യങ്ങൾ ഞാനാണ് നോക്കുന്നത്. നിന്നെ സൃഷ്ടിക്കാമെങ്കിൽ നിനക്കു സംഭവിക്കുന്ന കേടുപാടുകൾ പോക്കുവാനും എനിക്കു കഴിയും. നീ സംശയിക്കാതെ ഓടുന്നതിനു തയ്യാറായാൽ മാത്രം മതി. നീ എന്റെ കരങ്ങളിലായിരിക്കുന്നിടത്തോളം നീ നിന്നുപോകാതെ നിന്നെ ഓടിക്കുവാനുള്ള ചുമതല എനിക്കാണ്.

ക്ലോക്കിനു കാര്യം മനസ്സിലായി. അതു ഭയവും സംശയവും അവസാനിപ്പിച്ച് കൃത്യമായി ഓടുവാൻ തുടങ്ങി.

മൂഡി കഥ അവസാനിപ്പിച്ച് സഹോദരിയെ നോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അവൾ വീഴാതെ തന്നെ നിർത്താൻ ശക്തനായ ദൈവത്തെ സ്തുതിച്ചു. അവൾ തന്നെ സൃഷ്ടിച്ച സൃഷ്ടാവിൻരെ കരങ്ങളിൽ പുതുതായി സമർപ്പിച്ച് സ്വസ്ഥയായി.

യൂദാ 1:24-25, വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവനു നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിന്റെ തന്നെ, സർവ്വകാലത്തിനും മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ.

കുണ്ടറ എം.ജി.ഡി. ബോയ്സ് ഹയർസെക്കണ്ടറി സ്ക്കൂളിന്റെ 103-ാം വാർഷികവും പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമവും

കൊല്ലം : കുണ്ടറ എം.ജി.ഡി. ബോയ്സ് ഹയർസെക്കണ്ടറി സ്ക്കൂളിന്റെ 103-ാമത് വാർഷികവും അദ്ധ്യാപക രക്ഷകർത്തൃ സമ്മേളനവും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവയുടെ വിതരണവും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന സ്ക്കൂൾ ഓഫീസ് സ്റ്റാഫ് അംഗം റോസമ്മ റ്റിയുടെ യാത്രയയപ്പും പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമവും വിവിധ പരിപാടികളോടെ ഫെബ്രുവരി 1 മുതൽ 10 വരെ സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. സഖറിയാ മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, ഹെഡ്മാസ്റ്റർ കോശി ഉമ്മൻ, ജിസ്സി കെ.ജോർജ്, സാജു വർഗീസ്, ഫിലിപ്പ് എം.ഏലിയാസ്, ഇട്ടി ജോർജ്, ബിനിൽ കെ.പണിക്കർ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനവും ഇടവക പെരുന്നാളും

കൊല്ലം : ശൂരനാട് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനവും ഇടവക പെരുന്നാളും ജനുവരി 20 മുതൽ 31 വരെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം ചെയ്തു. സഖറിയാ മാർ അന്തോണിയോസ് അദ്ധ്യക്ഷത വഹിച്ചു. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. സുവനീർ പ്രകാശനവും വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ ധനസഹായവിതരണവും നടത്തി.

ബാബു അലക്സാണ്ടർ മുട്ടത്തേരിൽ നിര്യാതനായി

മാവേലിക്കര : മുതിർന്ന മാധ്യമപ്രവർത്തകൻ ബാബു മുട്ടത്തേരി നിര്യാതനായി. 77 വയസ്സായിരുന്നു. കഴിഞ്ഞ ദിവസം ഉണ്ടായ വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലിരിക്കവെയാണ് അന്ത്യം. സ്ക്കാരം മാവേലിക്കര മുട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

ജയധ്വനി, മാവേലിക്കര മെയിൽ എന്നീ പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്റർ ആയിരുന്നു. 40 വർഷത്തിലധികമായി സഭയുടെ പ്രധാന ദേവാലയങ്ങളിലെ പെരുന്നാൾ ദിവസങ്ങളിലും പ.പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ ദിവസങ്ങളിലും സ്പെഷ്യൽ പതിപ്പുകൾ പ്രസിദ്ധീകരിച്ച് ശ്രദ്ധനേടിയിരുന്നു. ചെങ്ങന്നൂർ പൂവത്തൂർ വലിയതറ അന്നമ്മയാണ് ഭാര്യ. മക്കൾ : സുനി, ബിനി, അലക്സ്

മലങ്കരസഭയുടെ സ്വാതന്ത്ര്യം അടിയറ വയ്ക്കാനുള്ളതല്ല : പ.കാതോലിക്കാ ബാവാ

വടശ്ശേരിക്കര : മലങ്കരസഭയുടെ സ്വാതന്ത്ര്യം ഒരിക്കലും അടിയറവയ്ക്കാനുള്ളതല്ലെന്നു പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. പൂർവ്വപിതാക്കന്മാരുടെ നിഷ്കളങ്കമായ ജീവിതവും പ്രാർത്ഥനയും മൂലമാണ് സഭ ഇന്നും നിലനിൽക്കുന്നത്. സാധ്യമായ എല്ലാ അനുരഞ്ജനത്തിനും സഭ ശ്രമിച്ചിട്ടുണ്ട്. പരമോന്നത നീതിപീഠത്തിന്റെ വിധി മാനിക്കാത്തവരുമായി ഇനി അരുരഞ്ജനത്തിന്റെയോ ചർച്ചയുടെയോ ആവശ്യമില്ല. വടശ്ശേരിക്കര വി.മർത്തമറിയം തീർത്ഥാടന പള്ളിയുടെ നവതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ.ബാവാ.

ഓർത്തഡോക്സ് വൈദികസംഘം മധ്യമേഖലാ സമ്മേളനം നടത്തി

പത്തനംതിട്ട : ആടുകളെ അറിയുന്ന ഇടയന്മാരെയാണ് സമൂഹത്തിന് ആവശ്യമെന്ന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് പറഞ്ഞു. മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ നടന്ന ഓർത്തഡോക്സ് വൈദികസംഘം മധ്യമേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പിതാക്കന്മാരുടെ പ്രാർത്ഥനാമന്ത്രങ്ങൾ സമൂഹത്തിന്റെയും സഭയുടെയും ചാലകശക്തിയായിരുന്നു. അതിൽ കുറവുണ്ടാകാതെ കാക്കേണ്ടത് വൈദികരുടെ കടമയാണെന്നും അദ്ദേഹം പറഞ്ഞു. ഡോ.മാത്യൂസ് മാർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു.

അധികാരത്തിന്റെ സ്നേഹമല്ല മക്കൾക്ക് വേണ്ടി ജീവനെ സമർപ്പിക്കുന്ന മാതൃത്തിന്റെ സ്നേഹമാണ് വൈദികർക്ക് ഉണ്ടാകേണ്ടത് എന്ന് മുഖ്യ പ്രഭാഷണം നടത്തിയ ഫാ.ടി.ജെ.ജോഷ്വാ പറഞ്ഞു.

മാത്യൂസ് മാർ തേവോദോസിയോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.സജി അമയിൽ, ഫാ.ചെറിയാൻ ടി.സാമുവൽ, ഫാ. കെ.ജി.മാത്യു, ഫാ.രാജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.

പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ

കണ്ടനാട് : പ്രമുഖ സാമൂഹ്യപരിഷ്ക്കർത്താവും സ്ലീബാദാസ സമൂഹസ്ഥാപകനും മലബാർ ഭദ്രാസന മെത്രാപ്പോലീത്തായുമായ ഭാഗ്യസ്മരണാർഹനായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 51-ാം ഓർമ്മപ്പെരുന്നാൾ ജനുവരി 27 മുതൽ ഫെബ്രുവരി 2 വരെ കണ്ടനാട് കർമ്മേൽ ദയറായിൽ ആചരിക്കുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് മെത്രാപ്പോലീത്താമാരായ ഡോ.യാക്കോബ് മാർ ഐറേനിയോസ്. ഡോ.തോമസ് മാർ അത്താനാസിയോസ്, വെരി.റവ.സ്കറിയേൽ റമ്പാൻ, വെരി.റവ.എ.ജി.ജോസഫ് റമ്പാൻഫാ. ഗീവർഗീസ് കോശി കറ്റാനം, ഫാ.ഡോ.ഫെലിക്സ് യോഹന്നാൻ തുടങ്ങിയവർ നേതൃത്വം നൽകും.

അപ്രേം റമ്പാച്ചൻ അന്തരിച്ചു

പത്തനംതിട്ട : ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനും മൈലപ്ര മാർ കുറിയാക്കോസ് ആശ്രമം മുൻ സുപ്പീരിയറുമായ അപ്രേം റമ്പാൻ (101) അന്തരിച്ചു. കോന്നി പുന്നൂരേത്ത് പരേതരായ കൊച്ചുകോശി റാഹേലമ്മ ദമ്പതികളുടെ നാലാമത്തെ മകനാണ്. മൈലപ്ര കുറിയാക്കോസ് ആശ്രമത്തിലെ ധ്യാനഗുരുവായിരുന്നു. തുമ്പമൺ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായും അട്ടച്ചാക്കൽ സെന്റ് ജോർജ് എച്ച്എസിൽ മലയാളം അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

മൈലപ്ര മാത്യൂസ് റമ്പാന്റെ ശിഷ്യനാണ്. ജനുവരി 27 ഞായറാഴ്ച മൂന്നുമണിക്ക് പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്ക്കാരശുശ്രൂഷ ആശ്രമം ചാപ്പലിൽ നടന്നു.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ഏഴാമത് ഓർമ്മപ്പെരുന്നാൾ

മാവേലിക്കര : മലങ്കരസഭാരത്നം ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ഏഴാമത് ഓർമ്മപ്പെരുന്നാൾ അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന മാവേലിക്കര സെന്റ് പോൾ മിഷൻ ട്രെയിനിംഗ് സെന്റർ ചാപ്പലിൽ ഫെബ്രുവരി 9 മുതൽ 16 വരെ ആഘോഷിക്കുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് പ.കാതോലിക്കാ ബാവാ, മെത്രാപ്പോലീത്തന്മാരായ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.യൂഹാനോൻ മാർ തേവോദോറോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ് തുടങ്ങിയവർ നേതൃത്വം നൽകും.

മാത്യൂസ് മാർ എപ്പിഫാനിയോസിന്റെ പത്താം ഓർമ്മപ്പെരുന്നാൾ

കൊല്ലം : മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ പത്താം ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 3 മുതൽ 9 വരെ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കൊല്ലം അമരനാര കത്തീഡ്രലിൽ നടക്കും. ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ അനുസ്മരണ പ്രഭാഷണം നടത്തും.